NERVEEDHI
Volume -13, Issue - 01, 10th January 2024, Monthly, Price ₹ 25, Published at Kottayam
വാല്യം-13, ലക്കം-01, ജനുവരി 2024 - പ്രതിമാസം - വില ₹ 25 - പ്രസിദ്ധീകരണം : കോട്ടയം

# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

## ഭീകരതയുടെ മുമ്പിൽ ഭീതിതർ ആകാതെ...

പേജ് 18



Editorial



# വഴികാട്ടി കൂടെയുണ്ടെങ്കിൽ...

വടക്കുനോക്കിയന്ത്രം പുരാതനകാലം മുതൽ ദിശ അറിയാൻ ഉപയോഗിക്കുന്നു. യാത്രികർക്ക് കരയിലും കടലിലും ലക്ഷ്യത്തിലെത്തുവാൻ സഹായിക്കുന്ന മനുഷ്യനിർമ്മിതമായ ജി പി എസ് ഉൾപ്പെടെ പല ദിശാസൂചികകൾ ഉണ്ട്. ലക്ഷ്യത്തിലെത്താൻ യാത്രക്കാർക്ക് അത് വളരെ സഹായകവുമാണ്. വഴിതെറ്റിപ്പോകാതിരിക്കുവാൻ ഇങ്ങനെയുള്ള സംവിധാനങ്ങളെ മനുഷ്യൻ ആശ്രയിക്കുന്നു.

ആത്മീയജീവിതത്തിൽ വഴിതെറ്റിപ്പോകാനുള്ള സാധ്യതകൾ ഏറെയാണ്. സാത്താനും അവന്റെ പരിവാരങ്ങളും കഴിയുമെങ്കിൽ വൃതന്മാരെക്കൂടെ തെറ്റിച്ചു കളയും എന്നു യേശു മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. തിരുവെഴുത്തുകളെയും ദൈവശക്തിയെയും അറിയാത്തതുകൊണ്ട് നിങ്ങൾ തെറ്റിപ്പോകുന്നു എന്നും യേശു പറഞ്ഞു. മോക്ഷയാത്രയിൽ വഴിയറിയാവുന്ന വഴികാട്ടി ഒപ്പം ഉണ്ടെങ്കിൽ യാത്രയിൽ സുരക്ഷിതത്വവും ധൈര്യവും സന്തോഷവുംഅനുഭവിക്കുവാൻ കഴിയും. പരിശുദ്ധാത്മാവാണ് യഥാർത്ഥത്തിൽ ദൈവപൈതലിനെ വഴി നടത്തേണ്ടത്. ദൈവത്തിന്റെ വഴിയിലൂടെ വചനാനുസരണം നടക്കണമെന്ന് ആഗ്രഹിക്കുന്നുവെങ്കിൽ, പരിശുദ്ധാത്മാവ് വഴികാട്ടി ആകണമെങ്കിൽ, നാം സ്വന്ത താല്പര്യങ്ങളെല്ലാം ഉപേക്ഷിച്ച് താഴ്മയോടെ വചനം അനുസരിക്കുന്നവരാകണം. ഇതാണ് ഈ ലക്കത്തിലെ സന്ദേശത്തിന്റെ പ്രമേയം.

ഫലകരമായ നിലയിൽ കർത്താവിനു വേണ്ടി പ്രയോജനപ്പെടണം എന്ന് പലരും ആഗ്രഹിക്കുന്നു. പരിശുദ്ധാത്മാവിന്റെ സഹായം കൂടാതെ ആർക്കും ഫലകരമായ ക്രിസ്തീയജീവിതം നയിക്കുവാൻ സാധ്യമേയല്ല. വഴികാട്ടിയായ പരിശുദ്ധാത്മാവിനെ അവഗണിച്ചുകൊണ്ടുള്ള യാത്ര പാടെ പരാജയമാണ്. ക്രിസ്തുവിശ്വാസികളുടെ ജീവിതത്തിൽ പരിശുദ്ധാത്മാവ് ചെയ്യുവാൻ ആഗ്രഹിക്കുന്നതും ചെയ്തുകൊണ്ടിരിക്കുന്നതുമായ ശ്രേഷ്ഠമായ ഒരു പ്രവർത്തിയാണ് അവരെ ക്രിസ്തുവെന്ന തലയോളം വളർത്തിയെടുക്കുക എന്നത്.

പരിശുദ്ധാത്മാവ് നടത്തുന്ന വ്യക്തികളുടെ ജീവിതത്തിന്റെ ഉൽപ്പന്നമാണ് വിശുദ്ധജീവിതത്തിലടിസ്ഥാനപ്പെട്ട ആത്മീയശുശ്രൂഷയും, ദിവ്യസ്വഭാവത്തിലേക്കുള്ള വളർച്ചയും. ആത്മനിറവും ആത്മനടത്തിപ്പുമുള്ള വ്യക്തികൾക്കു മാത്രമേ കഷ്ടതയിലും പിറുപിറുപ്പില്ലാതെ, തങ്ങളുടെ ഗതിയെക്കുറിച്ച് ആവലാതി പറയാതെ, ദൈവകൃപയിൽ നിൽക്കുവാൻ കഴിയുകയുള്ളൂ. വിശുദ്ധജീവിതം നയിക്കണമെങ്കിൽ ആത്മനിറവ് അനിവാര്യമായ ഒരു ഘടകം തന്നെയാണ്.

പുതുവർഷത്തിൽ ചില ദിവസങ്ങൾ പിന്നിട്ട നാം, അനേക കഷ്ട്ടങ്ങളിൽക്കൂടി മാത്രമേ ദൈവരാജ്യത്തിൽ കടക്കാനാവൂ എന്ന മുന്നറിയിപ്പ്, നിരാശരാകാതെ, പതറിപ്പോകാതെ, മുന്നേറുവാൻ ധൈര്യവും സ്ഥൈര്യവും പകർന്നു സഹായിക്കട്ടെ. മാസികാപ്രവർത്തനം സുഗമമായി നടക്കേണ്ടതിനു എല്ലാവരുടെയും പ്രാർത്ഥനയും സഹായവും അനിവാര്യമാണ്. ഈ ലക്കത്തിലെ എല്ലാ ലേഖനങ്ങളും ഓരോ വായനക്കാർക്കും അനുഗ്രഹപ്രദമാകട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് പുതുവർഷത്തിലെ ആദ്യലക്കം സമർപ്പിക്കുന്നു.

പുസ്തകം 13 ലക്കം 1
ജനുവരി 2024

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം.സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം.റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building, Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.
Editor P.V Varghese.

Annual Subscription 250.00
Cover : Google Photos

**പരിശുദ്ധാത്മാവ് വഴി നടത്തട്ടെ** 4
ജോയ് എം. തോമസ്

**എന്താണ് സാക്ഷിയാവുകയെന്നാൽ?** 7
സാജു മാത്യു

**വിശ്വസ്തതയ്ക്ക് വംശനാശം...** 9
ജോർജ് മാത്യു, പുതുപ്പള്ളി

**മരണഭയം എന്ന അടിമത്തം** 11
ചെയ്സ് ജോസഫ്

**കൊടുങ്കാറ്റിലും യേശു മതിയായവൻ** 13
ഡേവിഡ് വിൽക്കേഴ്സൺ

**കൗൺസലിംഗ് വീഥി** 16
ഡോ. സജികുമാർ കെ. പി.

**ഭീകരതയുടെ മുമ്പിൽ ഭീതിതർ ആകാതെ...** 18
പി.വി. വർഗീസ്

**മതിൽക്കെട്ടുകളെ മറികടക്കുവാൻ...!** 20
ബെന്നി ജി. മണലി

**വനിതാ വീഥി** 23

**വേദ അധ്യയനം** 25
ജോയ് എം. തോമസ്

**വാർത്താ വീഥി** 30

**സമാപ്തിക്കുറിപ്പ്** 31
എംസി



ജോയ് എം. തോമസ്

# പരിശുദ്ധാത്മാവ് വഴി നടത്തട്ടെ

**പു**തുവർഷത്തിൽ പ്രവേശിച്ച നാം ജീവിതയാത്രയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഇതുവരെ തരണം ചെയ്ത വഴിയിൽ, അതായത് കഴിഞ്ഞുപോയ വർഷങ്ങളിൽ ധാരാളം പ്രതിസന്ധികളും വെല്ലുവിളികളും ഉണ്ടായിരുന്നല്ലോ. അവയെ തരണം ചെയ്യുവാൻ പ്രാപ്തിയും ശക്തിയും തന്ന ദൈവം നമ്മോടുകൂടെ ഇന്നും ഉണ്ട്, നാളെയും അവിടുന്ന് നമ്മെ കരുതി വഴിനടത്തും.മുമ്പോട്ടുള്ള വഴി നാം ഇതുവരെ പോയിട്ടില്ലാത്ത അറിയാത്ത വഴി ആണല്ലോ.

നമുക്കു വഴി അപരിചിതമെങ്കിലും വഴി നന്നായി അറിയുന്നവൻ വഴികാട്ടിയായി നമ്മെ നടത്തുവാൻ കൂടെയുണ്ട്. ഉത്കണ്ഠകൾക്കും ഭയത്തിനും അതിനാൽ സ്ഥാനമില്ല. എന്നെയും നിങ്ങളെയും കൈ പിടിച്ച് നടത്തുവാൻ പ്രാപ്തനായ ഒരാൾ ഉണ്ട് എന്നുള്ളത് എത്ര ആശ്വാസമാണ്. ഹൃദയത്തിൽ സമാധാനം നിലനിൽക്കുവാൻ ഇത് നാം ഓർത്തിരുന്നാൽ മതിയാവും.

**നമുക്കു വഴി അപരിചിതമെങ്കിലും വഴി നന്നായി അറിയുന്നവൻ വഴികാട്ടിയായി നമ്മെ നടത്തുവാൻ കൂടെയുണ്ട്. ഉത്കണ്ഠകൾക്കും ഭയത്തിനും അതിനാൽ സ്ഥാനമില്ല. എന്നെയും നിങ്ങളെയും കൈപിടിച്ച് നടത്തുവാൻ പ്രാപ്തനായ ഒരാൾ ഉണ്ട് എന്നുള്ളത് എത്ര ആശ്വാസമാണ്.**

'ദൈവാത്മാവ് നടത്തുന്നവർ ഏവരും ദൈവത്തിന്റെ മക്കൾ ആകുന്നു. നിങ്ങൾ പിന്നെയും ഭയപ്പെടേണ്ടതിനു ദാസ്യത്തിന്റെ ആത്മാവിനെ അല്ല; നാം അബ്ബാ പിതാവേ, എന്നു വിളിക്കുന്ന പുത്രത്വത്തിൻ ആത്മാവിനെ അത്രേ പ്രാപിച്ചത്' (റോമർ 8: 14, 15). ഇവിടെ ഉദ്ധരിച്ച വാക്യം നമ്മുടെ ഉൾക്കണ്ണുകളെ പ്രകാശിപ്പിക്കട്ടെ. ഈ വാക്യത്തിൽ പരിശുദ്ധാത്മാവ് ഉൾക്കൊള്ളിച്ചിരിക്കുന്ന ചില സത്യങ്ങളുണ്ട്. അത് മനസ്സിലാക്കുന്നത് നമ്മുടെ ആത്മീയ ജീവിതത്തിന് അതിപ്രധാനമാണ്.

നമ്മെ വഴി നടത്തുന്ന ചുമതല പരിശുദ്ധാത്മാവ് ഏറ്റെടുത്തിരിക്കുന്നു എന്നതാണ് നാം ഈ വാക്യത്തിൽ നിന്നും ഗ്രഹിക്കേണ്ട ഒന്നാമത്തെ സത്യം. 'സത്യത്തിന്റെ ആത്മാവ് വരുമ്പോഴോ അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും എന്ന വാഗ്ദത്തം' (യോഹന്നാൻ 16 : 13) കർത്താവ് നമുക്ക് നൽകിയിട്ടുണ്ട്. നാം നടക്കേണ്ട വഴി പരിശുദ്ധാത്മാവ് കാണിച്ചു തന്നു നമ്മെ വഴി നടത്തും. അതുകൊണ്ട് നമുക്ക് വഴി അറിയില്ല എന്നോ, സത്യം എന്താണെന്ന് അറിയില്ല എന്നോ പറയുവാൻ കഴിയുകയില്ല. പരിശു

ദ്ധാത്മാവിന് നാം വിധേയപ്പെട്ടിരിക്കണം. ഇനി നാം ഒരിക്കലും തനിയെ നടക്കുവാൻ അഥവാ സ്വന്തവഴിയിൽ നടക്കുവാൻ നോക്കരുത്. 'പിതാവേ, പരിശുദ്ധാത്മാവിനാൽ എന്നെ വഴി നടത്തണം എന്ന് തുറന്ന മനസ്സോടും വിശ്വാസത്തോടും കൂടെ നാം പ്രാർത്ഥിക്കണം.

പരിശുദ്ധാത്മാവ് നമ്മുടെ ആത്മാവിനോട് സംസാരിക്കുന്നു. നമ്മോട് സംസാരിച്ച് നമ്മെ ഉറപ്പിക്കുന്ന ഒന്നാമത്തെ വിഷയം ദൈവം നമുക്ക് സ്വന്തപിതാവ് (അബ്ബാ) ആകുന്നു എന്നും, നാം അവിടുത്തെ സ്വന്തമക്കൾ ആകുന്നു എന്നുമുള്ളതാണ്. ഈ ഉറപ്പ് ഹൃദയത്തിൽ ലഭിച്ചിരിക്കുന്നവർ ഭാഗ്യവാന്മാരാണ്. അവർ പിന്നീട് അരക്ഷിതരാകേണ്ട കാര്യമില്ല. അഖിലാണ്ഡത്തിന്റെ ഉടയവനും ശില്പിയും ആയ സർവ്വശക്തനായ ദൈവം എന്റെ പിതാവാണ് എന്ന സത്യം എന്നെ പുളകം കൊള്ളിക്കുന്നതാണ്. സ്വർഗ്ഗസ്ഥനായ ദൈവം എന്റെ പിതാവ് എന്ന സത്യം വെളിപ്പെട്ടു കിട്ടുന്നവരിൽ രോമാഞ്ചം കൊള്ളാത്തവർ ആര് ഉണ്ടാകും? ഇന്നും എന്നും നിത്യത മുഴുവനും സന്തോഷിക്കുവാനുള്ള കാരണം ആയിരിക്കുന്നു അത്!

'ദൈവമക്കൾ' എന്ന ബോധ്യത്തോടെയാണ് നാം ഓരോരുത്തരും നടക്കേണ്ടത്. നമ്മുടെ ജീവിതവീക്ഷണം അപ്പോൾ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തമായിരിക്കും. 'പ്രിയ മക്കൾ എന്നതുപോലെ ദൈവത്തെ അനുകരിപ്പിൻ' എന്ന പ്രബോധനം ( എഫേസ്യർ 5 :1) നമുക്ക് ഏറ്റവും പ്രസക്തമായതാണ്. ക്രിസ്തുവിനോട് അനുരൂപരാവുക എന്ന ഉത്തമമായ ജീവിതലക്ഷ്യത്തിലൂന്നിയാണ് നാം നടക്കേണ്ടത്. മക്കൾ എന്ന നിലയിൽ ദൈവത്തോടുള്ള നമ്മുടെ സ്വാതന്ത്ര്യം മഹാസൗഭാഗ്യമാണ്. ദൈവത്തോടുള്ള ഈ സ്വാതന്ത്ര്യം അനുഭവിച്ചു ദൈവത്തെ ആസ്വദിക്കുന്നവരാണ് യഥാർത്ഥ ജീവിതസന്തോഷം അനുഭവിക്കുന്നത്. ഇത് മനസ്സിലാക്കുവാൻ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കട്ടെ.

പരിശുദ്ധാത്മാവിനോടു സംവേദനക്ഷമതയുള്ളവരാവുക (സെൻസിറ്റീവ്) എന്നത് നമ്മുടെ ഭാഗമാണ്. പരിശുദ്ധാത്മാവ് നൽകുന്ന ഉത്തേജനവും ആലോചനകളും തിരുത്തലുകളും ഒക്കെ തിരിച്ചറിയുവാനും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്തിന് നമ്മെത്തന്നെ വിധേയപ്പെടുത്തിക്കൊടുക്കുവാനും നമുക്ക് കഴിയണം. പരിശുദ്ധാത്മാവ് നൽകുന്ന ആലോചനകൾ തിരുവചനത്തിൽക്കൂടി ആകയാൽ തിരുവചനധ്യാനം നമ്മുടെ ജീവിതത്തിൽ ഏറ്റവും പ്രാധാന്യം അർഹിക്കുന്നതാണ്. ഒന്നാം സങ്കീർത്തനത്തിൽ പറയുന്നതുപോലെ 'യഹോവയുടെ ന്യായപ്രമാണത്തിൽ സന്തോഷിക്കുന്ന' ഒരു മനോഭാവമാണ് നമുക്ക് അത്യാവശ്യമായിട്ടുള്ളത്. എങ്കിൽ തിരുവചനം നമ്മുടെ കാലിന് ദീപവും പാതയ്ക്ക് പ്രകാശവും ആയിരിക്കും. വചനത്തിലൂടെ നേർവഴി കാട്ടി പരിശുദ്ധാത്മാവ് നമ്മെ വഴിനടത്തും. ആത്മാർത്ഥതയോടെയുള്ള വചനധ്യാനം ശീലം ആക്കാത്തവർക്ക് പരിശുദ്ധാത്മാവിന്റെ ആലോചനകൾ കൃത്യമായി പ്രാപിക്കുവാൻ കഴിയാതെ വരാം.

നമ്മുടെ ധ്യാനവാക്യത്തിൽ നിന്നും രണ്ടാമതായി ഗ്രഹിക്കേണ്ട പ്രധാന സത്യം, നമുക്ക് നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവ് ജ്ഞാനത്തിന്റെയും ശക്തിയുടെയും ഏറ്റവും വലിയ സ്രോതസ്സാണ്. പരിശുദ്ധാത്മാവ് സർവ്വജ്ഞാനിയും സർവ്വവല്ലഭനും ആകയാൽ അവിടുന്ന് എല്ലാറ്റിനും മതിയായവനാണ്. നമുക്ക് എല്ലാ കാര്യങ്ങളിലും പരിമിതികൾ ഉണ്ട്. എന്നാൽ പരിമിതികൾ ഇല്ലാത്ത പരിശുദ്ധാത്മാവാണ് നമ്മെ വഴിനടത്തുന്നത് എന്നത് എത്രയധികം സന്തോഷകരമാണ്. വഴിയിലുണ്ടാകുന്ന സകല ക്ലേശങ്ങളെയും തടസങ്ങളെയും മറികടന്ന് നമ്മെ സ്വർഗീയഭവനത്തിലെത്തിക്കുവാൻ അവിടുന്ന് ശക്തനാണ്. അതിനാൽ നമ്മുടെ വഴി സ്ഥിരതയുള്ളതും ഭാവി സുനിശ്ചിതവും ആണ്.

പരിശുദ്ധാത്മാവ് നമ്മുടെ കാര്യസ്ഥൻ അഥവാ സഹായകൻ ആണ് (യോഹന്നാൻ 14 :16). അവിടുത്തെ സഹായം എപ്പോഴും നമുക്കുണ്ട്. മുമ്പോട്ടുള്ള വഴി ദുഷ്ക്കരമെന്നോ അസാദ്ധ്യമെന്നോ നാം ചിന്തിക്കേണ്ടതില്ല. ലക്ഷ്യത്തിലെത്തിക്കുവാൻ കഴിയുന്നവനാണ് നമ്മെ വഴി നടത്തുന്ന ചുമതല ഏറ്റെടുത്തിരിക്കുന്നത്. അതിനാൽ ഭാവിയെ നോക്കി പുഞ്ചിരിക്കുന്നവരാകുവാൻ നമുക്ക് കഴിയണം. അസാധ്യം എന്ന ചിന്തയിൽ കുടുങ്ങി ഒരിക്കലും അലസരായിക്കൂടാ. പരിശുദ്ധാത്മാവിൽ ശക്തരായി, ധീരരായി, നാം വിശ്വാസത്തിൽ മുന്നേറുമ്പോൾ തടസ്സങ്ങൾ വഴി മാറും നിശ്ചയം!

പരിശുദ്ധാത്മാവ് നമ്മെ വഴി നടത്തുമ്പോൾ നമ്മിൽ ഓരോരുത്തരും 'നാം ആരാണ്' എന്ന് തിരിച്ചറിയുന്നു എന്നതാണ് മൂന്നാമത്തെ സത്യം. സാധാരണ വഴികാട്ടികൾ, അവർ ആരാണ്, പോകുന്ന സ്ഥലം എവിടെയാണ് എന്ന് മാത്രമേ

പറയാറുള്ളൂ. എന്നാൽ പരിശുദ്ധാത്മാവ് നാം ആരാണന്നാണ് നമ്മെ ഗ്രഹിപ്പിക്കുന്നത്. മാത്ര മല്ല നാം ചെന്ന് ചേരുന്നത് ആരുടെ അടുത്തേക്കാണ്, ചെന്ന് ചേരുന്ന സ്ഥലം ആർക്കുള്ളതാണ് എന്ന ബോധ്യം നമ്മിൽ നൽകുന്നു. ഈ ബോധ്യങ്ങൾ ദൈവത്തിലുള്ള നമ്മുടെ വിശ്വാസത്തെ ദൃഢപ്പെടുത്തുന്നു. ദൈവം നമ്മുടെ സ്വർഗീയ പിതാവാണ് എന്ന് തിരിച്ചറിയുന്നതിനാൽ ദൈവത്തിന്റെ അളവില്ലാത്ത സ്നേഹത്തെ നാം ആസ്വദിച്ചു തുടങ്ങും. ദൈവസ്നേഹം നമ്മിൽ നിറയുമ്പോൾ തന്റെ അടുക്കലെത്തുവാൻ ഉള്ള നമ്മുടെ അഭിവാഞ്ച വർദ്ധിക്കുകയാണ്, അഥവാ നമ്മിൽ പ്രത്യാശ വളരുന്നു. മാത്രമല്ല, ജനിപ്പിച്ചവനെ സ്നേഹിക്കുന്നവൻ അവനിൽ നിന്ന് ജനിച്ചവനെയും സ്നേഹിക്കുന്നു എന്ന് യോഹന്നാൻ പറഞ്ഞത് നമ്മിൽ അന്വർത്ഥമായിത്തീരുന്നു (1 യോഹന്നാൻ 5 :1 ). അങ്ങനെ സാഹോദര്യ സ്നേഹത്തിൽ നാം വളർച്ച പ്രാപിക്കുന്നു. ഇത് നമ്മുടെ ജീവിതത്തെ സന്തോഷകരമാക്കുന്ന അനുഭവമാണ്.

നാം ദൈവമക്കളും ക്രിസ്തുവിനോടുകൂടെ കൂട്ടവകാശികളും ആകുന്നു. നല്ല ഒരു ഭാവിയാണ് (നിത്യത) നമ്മെ കാത്തിരിക്കുന്നത്. ക്രിസ്തുവിനോടു കൂടെ വാഴുവാനുള്ള നല്ല ദിനങ്ങൾ. എന്നാൽ ക്രിസ്തുവിനോട് കൂടെ നാളെ (അവസാനിക്കാത്ത നിത്യത) വാഴണം എങ്കിൽ ഇന്ന് (അല്പനാളുകൾ) നാം ക്രിസ്തുവിനോട് കൂടെ കഷ്ടം സഹിക്കണം എന്നുള്ള പ്രബോധനം നമുക്ക് നൽകിയിരിക്കുന്നു(റോമർ 8:17). നാം പ്രാപിക്കുവാൻ പോകുന്ന തേജസിന്റെ (മഹത്വം) ഘനം ഓർത്താൽ ഈ കാലത്തെ അഥവാ അല്പനാളുകളിലെ കഷ്ടങ്ങൾ സാരമില്ല എന്നതാണ് വാസ്തവം (റോമർ 8:18).

പ്രിയരേ, ഈ ചിന്തകൾ നിങ്ങൾക്ക് ബലം പകരട്ടെ. ക്രിസ്തുയേശുവിൽ നാം ആരാകുന്നു എന്ന സത്യം അതിന്റെ പൂർണ്ണ അർത്ഥത്തിൽ ഉൾക്കൊള്ളുകയും നമ്മെ വഴിനടത്തുന്ന പരിശുദ്ധാത്മാവിൽ പൂർണമായും ആശ്രയിക്കുകയും ചെയ്യുക. പ്രതിസന്ധികളുമായി ഏറ്റുമുട്ടുമ്പോൾ തളരരുത്. ജീവിതസാഹചര്യങ്ങളിൽ നിരാശപ്പെടുകയും അരുത്. നിങ്ങളെ ജയോത്സവമായി ലക്ഷ്യസ്ഥാനത്ത് എത്തിക്കുവാൻ കഴിവുള്ള പരിശുദ്ധാത്മാവ്, സഹായകനും വഴിനടത്തുന്ന അധികാരിയുമായി നിങ്ങളോട് കൂടെ ഉണ്ട്. നിങ്ങൾക്ക് ജയം നൽകി അവിടുന്ന് നിങ്ങളെ വഴിനടത്തും. യേശുകർത്താവ് നമ്മിൽ ഓരോരുത്തരിലും മഹത്വപ്പെടട്ടെ.

സന്തോഷവും സമാധാനവും നിത്യതയുടെ പ്രത്യാശയും ഈ പുതുവർഷത്തിന്റെ ഓരോ ദിനങ്ങളിലും നിങ്ങളുടെ ഉള്ളിൽ ശക്തമായി ഉണ്ടായിരിക്കട്ടെ!

•

# സൗമ്യതയോടെയുള്ള ശാസന

**അ**ൽപം അംഗീകാരം കിട്ടിയാൽ ശരിയായ ദിശയിൽ വളർന്നു വലുതാകാൻ സാധ്യതയുള്ളവരാണ് മനുഷ്യർ, പ്രത്യേകിച്ച് കുട്ടികൾ. പ്രസിദ്ധരായിത്തീർന്ന രണ്ടുപേരുടെ കുട്ടിക്കാലത്തെക്കുറിച്ച് പ്രചാരത്തിലുള്ള ഒരു കഥയുണ്ട്. ഇവർ രണ്ടുപേരും കുട്ടിക്കാലത്ത് രോഗബാധിതരും നിർധനരുമായിരുന്നു. രണ്ടുപേരും അവരവരുടെ പള്ളിയിൽ ചില ശുശ്രൂഷകൾ ചെയ്തുപോന്നു. ആദ്യത്തെ കുട്ടി വരുത്തിയ ഒരു പിഴവിന്റെ പേരിൽ ആ പള്ളിയിലെ ശുശ്രൂഷകൻ അവനെ ശാസിക്കുകയും പരുഷമായി പെരുമാറുകയും ചെയ്തു. പിടിച്ചു നിൽക്കാൻ പറ്റാതെ അവൻ പള്ളിയിലെ ശുശ്രൂഷ നിർത്തി. രണ്ടാമനും തെറ്റുകൾ വരുത്താറുണ്ടായിരുന്നെങ്കിലും അവന്റെ പള്ളിയിലെ ശുശ്രൂഷകൻ സ്നേഹത്തോടെ അവനെ ശാസിച്ചു, തെറ്റുകൾ തിരുത്താൻ പ്രോത്സാഹിപ്പിച്ചു. ഫലമോ, രണ്ടുപേരും പിൽക്കാലത്ത് പ്രശസ്തരായി. ഒന്നാമൻ ആയിരങ്ങളെ കൊലചെയ്ത ഒരു ക്രൂരനായ ഭരണാധികാരിയെന്ന കുപ്രസിദ്ധനും, രണ്ടാമൻ ആയിരങ്ങളെ രക്ഷയിലേക്ക് നയിച്ച ഒരു സുവിശേഷ പ്രചാരകനുമായി. കറുത്ത മുഖത്തോടെ ശിക്ഷിക്കുന്നതിനുപകരം പുഞ്ചിരിക്കുന്ന മുഖത്തോടെ ശിക്ഷണം നൽകാൻ നിങ്ങൾക്കാകുമോ?





സാജു മാത്യു

# എന്താണ് സാക്ഷിയാവുകയെന്നാൽ...?

***"നിങ്ങൾ എന്നെ അറിഞ്ഞ് വിശ്വസിക്കുകയും, ഞാൻ ആകുന്നു എന്ന് ഗ്രഹിക്കുകയും ചെയ്യേണ്ടതിനു നിങ്ങൾ എന്റെ സാക്ഷികളും ഞാൻ തിരഞ്ഞെടുത്തിരിക്കുന്ന എന്റെ ദാസനും ആകുന്നു" (യെശയ്യാവ് 43:10)***

**അ**സ്സീസിയിലെ ഫ്രാൻസിസ് ഒരുദിവസം ശിഷ്യനോടു പറഞ്ഞു: ഇന്ന് നിന്റെ സാക്ഷിയുടെ ദിനമാണ്. നാം പട്ടണത്തിലേക്കു പോകുന്നു. സാക്ഷിക്കുവാൻ ഒരുങ്ങിക്കൊൾക. ശിഷ്യന് ആവേശമായി. നാളുകളായി കാത്തിരുന്ന ദിനം. ധ്യാനവേളകളിൽ ഉരുത്തിരിഞ്ഞ ആശയങ്ങളൊക്കെ ജനങ്ങളോടു പ്രസംഗിക്കാനുള്ള അവസരം. ശിഷ്യൻ പെട്ടെന്നു തന്നെ മനസ്സിൽ ചില പ്രസംഗങ്ങൾ കോറിയിട്ടു. ഹോ! എന്തെല്ലാം ആശയങ്ങൾ മനസ്സിൽ തിങ്ങിനിറഞ്ഞുനിൽക്കുന്നു. ഇനി പട്ടണത്തിലൊന്നെത്തിയാൽ മതി... എല്ലാം വാക്കുകളായി ജനങ്ങൾക്ക് ഒഴുക്കിക്കൊടുക്കണം.

ഫ്രാൻസിസും ശിഷ്യനും പട്ടണത്തിലെത്തി. ഗുരു മുന്നിൽ നടക്കുകയാണ്. കാണുന്നവരോടൊക്കെ ഫ്രാൻസിസ് കുശലം പറഞ്ഞു. കുട്ടികളെയും കൊണ്ട് ചില അമ്മമാർ വന്നു. ഫ്രാൻസിസ് അവരുടെ തലയിൽ കൈവെച്ച് അനുഗ്രഹിച്ചു. തെരുവിലെ ചേരികളിൽ ഫ്രാൻസിസ് അവരിലൊരാളായി. വഴിയരികിൽ വിറക് തലച്ചുമടാക്കാൻ പാടുപെടുന്ന വൃദ്ധനു ഫ്രാൻസിസ് അതിന്റെ ഭാരം താങ്ങി തലയിൽ വെച്ചുകൊടുത്തു. പരദേശികൾക്കു വഴിപറഞ്ഞുകൊടുത്തു. ദുഃഖാർത്തരായി നിന്നവരെ തോളിൽ തട്ടി ആശ്വസിപ്പിച്ചു.

പിന്നീട് അവർ പോയതു കുഷ്ഠരോഗികളുടെ ഒരു കോളനിയിലേക്കാണ്. അവിടെ ഫ്രാൻസിസ് അവരുടെ വ്യണങ്ങൾ വെച്ചുകെട്ടി, അവരോടൊപ്പം ഭക്ഷണം കഴിച്ചു... ശിഷ്യനും ഇതൊക്കെ ചെയ്യാതിരിക്കാൻ കഴിയില്ലല്ലോ... മനസ്സോടെയല്ലെങ്കിലും അയാളും ഫ്രാൻസിസിനോടൊപ്പം ഇതൊക്കെ ചെയ്തു. ഒന്നുമല്ലെങ്കിലും ഇന്നു മീറ്റിങ്ങിൽ പ്രസംഗിക്കേണ്ടതല്ലേ!

നേരം സന്ധ്യയായി, ഫ്രാൻസിസ് തിരികെ ആശ്രമത്തിലേക്കുള്ള യാത്രയിലാണ്! "ഗുരോ, ഇന്നെനിക്ക് സാക്ഷിക്കാനുള്ള ദിവസമാണെന്ന് അങ്ങു രാവിലെ പറഞ്ഞിരുന്നു. എന്നാൽ, നാം സുവിശേഷയോഗങ്ങളൊന്നും നടത്തിയില്ല. എനിക്കു പ്രസംഗിക്കാൻ അവസരം കിട്ടയതുമില്ല" ശിഷ്യൻ പറഞ്ഞു.

"ഇന്നു നിന്റെ സാക്ഷ്യത്തിന്റെ ദിനമാണെന്നല്ലേ ശിഷ്യാ, ഞാൻ പറഞ്ഞത്? പ്രസംഗിക്കാനുള്ള ദിവസമാണെന്നല്ലല്ലോ. ഇന്നു മുഴുവൻ നാം സാക്ഷിക്കുകയായിരുന്നില്ലേ? വഴിയോരങ്ങളിലും ചേരികളിലും കുഷ്ഠരോഗികളുടെ കോളനികളിലും കണ്ടുമുട്ടിയ

വർക്കൊക്കെ നാം നമ്മുടെ ഉള്ളിലുള്ള യേശുവിനെ നൽകി... ഇതല്ലാതെ എന്താണ് സാക്ഷ്യം? എല്ലാ ക്രിസ്ത്യാനികളും യേശുവിനെ സാക്ഷിക്കുന്നവരായിരിക്കണം. അത്യാവശ്യമുണ്ടെങ്കിൽ വാക്കുകൾ ഉപയോഗിക്കുന്നതിൽ തെറ്റില്ല!'', ഫ്രാൻസിസ് പറഞ്ഞു.

"സാക്ഷിയാവുക", എന്നു പറഞ്ഞാൽ "സാക്ഷി പറയുക" എന്നതു മാത്രമാണ് ഇന്നു നമ്മുടെ മനസ്സിൽ വരിക... പലരും പറയുന്നത് യാത്രാവിവരണവും, കണ്ടതും കേട്ടതും ഒക്കെയാണ്. എന്നാൽ 'സാക്ഷിയാവുക' എന്നതിനു വളരെ വിശാലമായ അർഥമാണു വേദപുസ്തകഭാഷയിലുള്ളത്. അതിൽ സാക്ഷിപറയുന്നതും –പ്രഘോഷണവും– ഉൾപ്പെടുമെന്നു മാത്രം.

"നിങ്ങൾ എന്റെ സാക്ഷികൾ" (യെശയ്യാവ് 43:10) എന്ന് യഹോവയായ ദൈവം യിസ്രായേലിനോടു പറയുന്നു. ഈ വേദഭാഗത്ത് "സാക്ഷി" എന്നു പറയുന്നത്, പ്രഘോഷണത്തെപ്പറ്റിയല്ല, അനുഭവത്തെപ്പറ്റിയാണ്. ശരിക്കും ഈ വേദഭാഗം വായിച്ചാൽ ഒരു "കോടതി മുറി" ആണ് മനസ്സിൽ വരിക. ''അവർ നീതീകരിക്കപ്പെടേണ്ടതിനു സാക്ഷികളെ കൊണ്ടുവരട്ടെ; അവർ കേട്ടിട്ട് സത്യം എന്നു പറയട്ടെ..." (യെശയ്യാവ് 43:9); "നിങ്ങൾ അറിഞ്ഞ് എന്നെ വിശ്വസിക്കേണ്ടതിന് ഞാൻ സാക്ഷിയെ കൊണ്ടുവരും – അത് നിങ്ങളാണ്" (യെശയ്യാവ് 43:9) യഹോവ ഒറ്റയ്ക്കുനിന്ന് ചില അവകാശവാദങ്ങൾ മുഴക്കുന്നു... ഓരോരുത്തർക്കും അവരുടെ അവകാശവാദം സത്യമാണെന്നു തെളിയിക്കണം... അതിന് അവരവർ അവരവരുടെ സാക്ഷികളെ കൊണ്ടുവരുന്നു!

എന്റെ സുഹൃത്ത് ജോണിക്കുട്ടി ആസ്ത്മാബാധിതനാണെന്ന് ചിന്തിക്കുക. ശ്വാസം കിട്ടാതെ അവൻ നെഞ്ചുയർത്തിയും താഴ്ത്തിയും വലിച്ചു കിടക്കുമ്പോൾ ഞാൻ അവനോടു പറയുന്നു: ജോണിക്കുട്ടീ, നീ ഇങ്ങനെ വലിച്ചു ചുമച്ച് ബുദ്ധിമുട്ടേണ്ട കാര്യമില്ല. ആന്ധ്രാപ്രദേശിൽ ആസ്ത്മ പൂർണമായി ഇല്ലാതാക്കുന്ന ഒരു പാരമ്പര്യ ചികിത്സയുണ്ട്. അവിടെച്ചെന്നാൽ അവർ ഒരുതുള്ളി മരുന്ന് ഒരു ചെറിയ മത്സ്യത്തിന്റെ ഉള്ളിലാക്കി നമുക്കു തിന്നാൻ തരും. അതു കഴിച്ചാൽ പിന്നീട് ആസ്ത്മയുടെ ഒരു ചെറിയ അസ്വസ്ഥതപോലും നമുക്ക് ഉണ്ടാകില്ല".

"ഓ! അതൊന്നും നടക്കില്ല", ജോണിക്കുട്ടി പറഞ്ഞു. ''ഈ ആസ്ത്മ എന്നേയും കൊണ്ടേ പോകൂ... ആസ്ത്മയ്ക്കു മരുന്നില്ല സഹോദരാ... എല്ലാം കളിപ്പീരാ!". "അല്ല, ജോണിക്കുട്ടീ..." ഞാൻ പറഞ്ഞു ''എന്റെ കൂട്ടുകാരൻ തോമസ്കുട്ടി... അവന് എന്തൊരു വലിവായിരുന്നു! കഴിഞ്ഞ വർഷം അവൻ ആന്ധ്രായിൽ പോയി ചികിത്സ കഴിഞ്ഞെത്തി. ഇപ്പോൾ ആസ്ത്മയുടെ ഒരു ചെറിയ ട്രേസ് പോലുമില്ല...".

ഇവിടെ എന്റെ അവകാശവാദം ആന്ധ്രപ്രദേശിലെ മത്സ്യചികിത്സ ആസ്ത്മ പൂർണമായി സുഖപ്പെടുത്തുന്നു എന്നതാണ്. അതിന് എന്റെ സാക്ഷിയാണ് തോമസ്കുട്ടി. എന്നാൽ, എന്റെ സാക്ഷിയെ ഒന്നു കണ്ടുകളയാം എന്ന് ജോണിക്കുട്ടി തീരുമാനിക്കുന്നു. ഞങ്ങളൊരുമിച്ച് തോമസ്കുട്ടിയെ കാണാൻ പോകുന്നു. ഞങ്ങൾ രണ്ടുപേരും ചെല്ലുമ്പോൾ തോമസുകുട്ടി കളിച്ചുചിരിച്ച് ഓടിവന്ന് ഞങ്ങളെ സ്വീകരിച്ച് തന്റെ സൗഖ്യത്തിന്റെ സാക്ഷ്യം പറഞ്ഞാൽ തോമസ്കുട്ടി സാക്ഷിപറയുകയും, സാക്ഷിയാവുകയുമാണ്. എന്റെ അവകാശവാദം വെറുതെയായിരുന്നില്ല "ഞാൻ നീതീകരിക്കപ്പെട്ടു". എന്നാൽ ഞാൻ ജോണിക്കുട്ടിയെ കൂട്ടി തോമസ്കുട്ടിയുടെ അടുത്തെത്തുമ്പോൾ അയാൾ കട്ടിളക്കാലിൽ പിടിച്ച് നിലംവരെ കുനിഞ്ഞ് നെഞ്ചിൻകൂടിളക്കി വലിച്ചുകൊണ്ടിരിക്കുകയാണെങ്കിലോ? എന്റെ അവകാശവാദം പൊളിഞ്ഞു. എന്റെ സാക്ഷി പരാജയപ്പെട്ടു.

*ദൈവത്തിന്റെ അവകാശവാദങ്ങൾ ശരിയാണെന്ന് നമ്മുടെ ജീവിതത്തിലൂടെ നാം തെളിയിക്കുമ്പോഴാണ് നാം യഥാർഥത്തിൽ ദൈവത്തിന്റെ സാക്ഷികളാകുന്നത്.* എന്താണ് ഇവിടെ ദൈവത്തിന്റെ അവകാശവാദം? ''നിന്റെ സന്തതിയെ ഞാൻ കിഴക്കുനിന്നു വരുത്തുകയും പടിഞ്ഞാറുനിന്നു നിന്നെ ശേഖരിക്കുകയും ചെയ്യും. ഞാൻ വടക്കിനോട് തരിക എന്നും തെക്കിനോട് തടുത്തുവയ്ക്കരുതെന്നും കല്പിക്കും. ദൂരത്തുനിന്ന് എന്റെ പുത്രന്മാരെയും ... പുത്രിമാരെയും കൊണ്ടുവരിക... എന്നു ഞാൻ കല്പിക്കും!" (യെശയ്യാവ് 43: 5–7).

പ്രവാസത്തിലിരിക്കുന്ന ഒരു ജനതയോടുള്ള ഒരു പ്രാവചനിക വാഗ്ദത്തമാണിത്. യിസ്രായേൽമക്കളേ, നിങ്ങൾ ബാബിലോണിൽ പ്രവാസികളായി തുടരേണ്ടതില്ല. ഞാൻ നിങ്ങളെ സ്നേഹിക്കുന്നു; നീ എനിക്ക് വിലയേറിയവനും മാന്യനുമാണ് (യെശയ്യാവ് 43:4). ഞാൻ നിങ്ങളെ രക്ഷിച്ച് മടക്കിവരുത്തും. ബാബിലോണ്യ- മേദ്യ – പേർഷ്യ സാമ്രാജ്യങ്ങൾക്കോ ദൈവത്തിന്റെ പ്രവൃത്തിക്കു

ശേഷം പേജ് 28 ▶



**ജോർജ് മാത്യു, പുതുപ്പള്ളി**

# വിശ്വസ്തതയ്ക്ക് വംശനാശം സംഭവിക്കുന്നുവോ...?

***വർഷങ്ങൾക്കു മുമ്പ് ദാവീദ് രാജാവ് വിലപിച്ചു: യഹോവേ, രക്ഷിക്കണമേ, ഭക്തന്മാർ ഇല്ലാതെ പോകുന്നു. വിശ്വസ്തന്മാർ മനുഷ്യപുത്രന്മാരിൽ കുറഞ്ഞിരിക്കുന്നു (സങ്കീർത്തനം 12:1)***

ഭക്തന്മാർ ഇല്ലാതാകുമ്പോൾ വിശ്വസ്തതയ്ക്ക് വംശനാശം സംഭവിക്കുമെന്ന് തിരുവചനം വ്യക്തമാക്കുന്നു. നമ്മിലെ ഭക്തി കുറയുന്നുണ്ടോ? നാം ദൈവത്തോടും സഭയോടും മനുഷ്യരോടും വിശ്വസ്തരോ എന്നു സ്വയശോധന ചെയ്തു നോക്കുന്നത് ഉചിതമായിരിക്കും.

ആത്മീയലോകത്തിൽ കേട്ടു പഴകിയ ഒരു ഉദ്ബോധനമാണ്: ദൈവസഭയ്ക്ക് മിടുക്കന്മാരെയല്ല, വിശ്വസ്തന്മാരെയാണ് ആവശ്യം. അതെ, ദൈവത്തിന് ആവശ്യം മിടുക്കന്മാരെക്കാൾ വിശ്വസ്തന്മാരെയാണ്. എന്താണ് വിശ്വസ്തത എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്? കാര്യങ്ങൾ ഭരമേറ്റതിനുശേഷം അവ ഭംഗിയായി നിർവഹിക്കുന്നവരാണ് വിശ്വസ്തന്മാർ. ഉത്തരവാദിത്വങ്ങൾ കൃത്യമായി നിർവഹിക്കാതെ അലസരായിരിക്കുന്നവരെ അവിശ്വസസ്തന്മാരുടെ പട്ടികയിൽപ്പെടുത്താം.

വിശ്വസ്തതയുടെ പ്രാധാന്യം വ്യക്തമാക്കുന്ന ഉപമ കർത്താവ് പറയുന്നുണ്ട്. പിതാവിന്റെയും രണ്ട് പുത്രന്മാരുടെയും ഉപമയിൽ നാം അതു വായിക്കുന്നു. എനിക്കു മനസില്ല എന്നു തുടക്കത്തിൽ പറഞ്ഞ രണ്ടാമത്തെ പുത്രന് അനുകൂലമായിട്ടാണ് യേശുകർത്താവ് സംസാരിക്കുന്നത് (മത്തായി 21: 28–31). എന്തെങ്കിലും ചെയ്യാമെന്നു വാഗ്ദാനം ചെയ്യാത്ത അവസരങ്ങളിലും അവിശ്വസ്തർ  ഉത്തരവാദിത്വബോധമില്ലാതെ പ്രവർത്തിക്കുന്നു. ദൈവവും മനുഷ്യരും അവർക്കുവേണ്ടി കാത്തുനിൽക്കണമെന്നാണ് അവരുടെ ചിന്താഗതി.

തങ്ങളെ ഏല്പിച്ചിരിക്കുന്ന കർത്തവ്യങ്ങൾ നിർവഹിക്കാതിരിക്കുന്നതു വഴി മറ്റുള്ളവർക്ക് ഉപദ്രവവും, ചിലപ്പോൾ നിരാശയും ഉണ്ടാകുന്നതിനെപ്പറ്റി അവിശ്വസ്തർ ക്ലേശിക്കാറില്ല. ഇത്തരം ചുമതലാബോധമില്ലായ്മ ജോലി കാര്യങ്ങളിൽ വിഷമതകളുടെ ഒരു ശ്രുംഖല  തന്നെ സൃഷ്ടിക്കുകയും, വളരെയധികം വസ്തുവകകളും പണവും സമയവും നഷ്ടമാക്കുകയും

**എന്തെങ്കിലും ചെയ്യാമെന്നു വാഗ്ദാനം ചെയ്യാത്ത അവസരങ്ങളിലും അവിശ്വസ്തർ ഉത്തരവാദിത്വബോധമില്ലാതെ പ്രവർത്തിക്കുന്നു. ദൈവവും മനുഷ്യരും അവർക്കുവേണ്ടി കാത്തുനിൽക്കണമെന്നാണ് അവരുടെ ചിന്താഗതി.**

ചെയ്യുന്നു. മറ്റുള്ളവരുടെ അദ്ധ്വാനവും ശക്തിയും നഷ്ടപ്പെടുത്തുന്നതിനും ജീവിതംതന്നെ ദുഷ്കരമാക്കുന്നതിനും ഉത്തരവാദിത്വമില്ലായ്മ കാരണമാക്കും.

തങ്ങൾ കാരണം മറ്റുള്ളവർക്ക് എത്രമാത്രം ഉപദ്രവമുണ്ടാകുമെന്നുള്ള കാര്യത്തിൽ അവിശ്വസ്തർ അശേഷം തല്പരരല്ല. സ്നേഹത്തിന് എതിരായ ഒരു പാപമാണ് അവർ ചെയ്യുന്നത്. അതുകൊണ്ടുതന്നെ വളരെ ഗൗരവമായ ഒരു കാര്യമാണിത്. ദൈവത്തിൽനിന്നും ദൈവസ്നേഹത്തിൽനിന്നും അവർ അകന്നുപോകുന്നു. സ്നേഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. ദൈവം സ്നേഹം തന്നേ (1 യോഹന്നാൻ 4:8). ഇഹലോകത്തിൽ വച്ചുതന്നെയല്ല, വരുവാനുള്ള ലോകത്തിലും ഈ അകൽച്ച തുടർന്നുപോകുന്നു. അവിശ്വസ്തതയെ നിർദോഷമായ ഒരു സ്വഭാവമായി ഇവിടെവച്ചു പരിഗണിക്കുന്നവർ നിത്യതയിൽ വളരെ അത്ഭുതപ്പെടും. അവിശ്വസ്തത എന്ന പാപത്തിനു നിത്യതയിൽ ഗുരുതരമായ ഭവിഷ്യത്തുകൾ ഉള്ളതിനാൽ നമ്മുടെമേൽ അതിനുള്ള സ്വാധീനതയെ ഉടനെ ഇല്ലാതാക്കുകയാണ് ആവശ്യം.

അവിശ്വസ്തതയെ നീതീകരിക്കുവാൻ ശ്രമിക്കുന്നിടത്തോളം സാത്താൻ നമ്മെ തന്റെ മുഷ്ടിക്കുള്ളിൽ പിടിമുറുക്കിയിരിക്കുകയാണെന്നു ധരിക്കണം. ന്യായവിധി ദിവസമാകുമ്പോഴേക്കും ഇതു കൂമ്പാരംകൂടി പർവതസമാനമായിത്തീരും. അവിശ്വസ്തതയെ നാം ഗൗരവമായിക്കാണുകയും അതിനെതിരെ രൂക്ഷമായി പോരാടുകയും ചെയ്യണം. എന്തെന്നാൽ അവിശ്വസ്തതയ്ക്കു പിന്നിൽ തന്നിഷ്ടം, അനാസ്ഥ, ഉപരിപ്ലവബുദ്ധി തുടങ്ങിയ പല പാപങ്ങളും ഒളിഞ്ഞുകിടക്കുന്നു.

അവിശ്വസ്തരുടെ പ്രധാന തെറ്റ് അവർ ദൈവമുമ്പാകെയല്ല തങ്ങളുടെ ജീവിതം നയിക്കുന്നത് എന്നുള്ളതാണ്. ഒരു കടപ്പാടോ വാഗ്ദത്തമോ നിയോഗമോ അവർ കാര്യമായി എടുക്കുന്നില്ല. ദൈവത്തിനുവേണ്ടിയും ദൈവസാന്നിദ്ധ്യത്തിലുമല്ല അവർ പ്രവർത്തിക്കുന്നത്. യേശുവിനു പ്രസാദകരമായിത്തീരത്തക്കവിധം ജോലികൾ കഴിവുള്ളത്ര നന്നായി ചെയ്തുതീർക്കുവാൻ അവർക്കു താല്പര്യമില്ല. നാം ഒരു കാര്യത്തിനുവേണ്ടി ദിവസങ്ങളോ ആഴ്ചകളോ മാസങ്ങളോ ഒരുപക്ഷെ വർഷങ്ങളോ കഠിനാദ്ധ്വാനം ചെയ്തെന്നുവരാം. എന്നാൽ ദൈവത്തോടുകൂടി നാം അതു ചെയ്യുന്നില്ലെങ്കിൽ നാം നരകശിക്ഷാവിധിയിൽ

**ദൈവത്തെ നല്ല കാര്യവിചാരകന്റെ ഉത്തരവാദിത്വത്തോടെ പ്രസാദിപ്പിക്കുവാൻ ആത്മാർത്ഥമായി ഉത്സാഹിക്കണം. നമ്മെ ഏല്പിക്കുന്ന ചുമതലകൾ മറ്റൊരു സമയത്തേക്കു നീട്ടിവയ്ക്കാതെ ഉടനെ ചെയ്യുവാൻ ശ്രമിക്കണം.**

അകപ്പെട്ടുപോകും.

നമ്മുടെ പരിശ്രമങ്ങളെല്ലാം വൃഥാവായിപ്പോകാതിരിക്കണമെങ്കിൽ മറ്റുള്ളവർ പറയുന്നതും നാം ശ്രദ്ധയോടെ കേൾക്കണം. ദൈവത്തിൽനിന്നു തന്നെ നമുക്കൊരു സന്ദേശം ലഭിക്കുന്നു എന്നപോലെ ഒരു വാക്കും വിട്ടുകളയാതെ ശ്രദ്ധിക്കണം. വേഗത്തിൽ മറന്നുപോകുന്ന പ്രകൃതമാണ് നമുക്കുള്ളതെങ്കിൽ അപേക്ഷകളും ഉപദേശങ്ങളും ഉത്തരവുകളും ശ്രദ്ധയോടെ രേഖപ്പെടുത്തണം. നമ്മെ ജോലി ഭരമേൽപിച്ചിരിക്കുന്ന ദൈവത്തെ നല്ല കാര്യവിചാരകന്റെ ഉത്തരവാദിത്വത്തോടെ പ്രസാദിപ്പിക്കുവാൻ ആത്മാർത്ഥമായി ഉത്സാഹിക്കണം. നമ്മെ ഏല്പിക്കുന്ന ചുമതലകൾ മറ്റൊരു സമയത്തേക്കു നീട്ടിവയ്ക്കാതെ ഉടനെ ചെയ്യുവാൻ ശ്രമിക്കണം. ചെയ്യുന്ന കാര്യങ്ങൾ ഉചിതമായും പൂർണ്ണമായും ചെയ്യുവാൻ തയാറാകണം. അതു ചെയ്യുവാനുള്ള ദൈവകൃപയ്ക്കായി പ്രാർത്ഥിക്കണം. ദൈവത്തിനുവേണ്ടി ഓരോ കാര്യവും ചെയ്യുവാൻ സാധിക്കത്തക്കവിധം ദൈവം എപ്പോഴും നമ്മുടെ ദൃഷ്ടിയിൽ ഉണ്ടായിരിക്കണം.

ദൈവത്തെ നാം എപ്രകാരം കാണുന്നു എന്നതിനെക്കാൾ പ്രധാനമായത് ദൈവം നമ്മെ എപ്രകാരം കാണുന്നു എന്നതാണ്. ദൈവം നമ്മെ കാണുന്ന വിധത്തിൽ നമുക്കു നമ്മെക്കാണുവാൻ സാധിക്കുന്നു എങ്കിൽ അത് നമ്മുടെ ജീവിതത്തിൽ വലിയ മാറ്റത്തിനു കാരണമായിത്തീരും. ദൈവത്തെ വിവിധമായ ചിന്താസരണിയിൽക്കൂടി കാണുവാനുള്ള ജ്ഞാനചിന്തകൾ ലോകത്തിൽ മനുഷ്യർ മെനഞ്ഞുണ്ടാക്കിയിട്ടുണ്ട്. എന്നാൽ മനുഷ്യന്റെ തത്വജ്ഞാനത്തിൽ കൂടിയല്ല ദൈവം നമ്മെ നോക്കുന്നതും വിലയിരുത്തുന്നതും.ദൈവത്തെ കാണുവാനുള്ള മനുഷ്യന്റെ ശ്രമങ്ങളെല്ലാം പരാജയത്തിലേക്കു നീങ്ങുന്നതാണ്. എന്നാൽ ദൈവത്തിനു നമ്മെപ്പറ്റിയുള്ള

ശേഷം പേജ് 12 ▶



ചെയ്സ് ജോസഫ്

# മരണഭയം എന്ന അടിമത്തം

മക്കൾ ജഡരക്തങ്ങളോട് കൂടിയവർ ആയതുകൊണ്ട് ദൈവപുത്രനും ജഡരക്തങ്ങളോട് കൂടിയവനായി മനുഷ്യജന്മമെടുത്തു. എന്നാൽ അത് നമ്മെപ്പോലെ പാപജഡത്തിൽ ആയിരുന്നില്ല. റോമർ 8:4 ൽ പറയുന്ന പോലെ പാപജഡത്തിന്റെ സദൃശത്തിൽ ആണ് കർത്താവു വന്നത്. അതായത് കാണുമ്പോൾ ഒരു തികഞ്ഞ മനുഷ്യന്റെ അതേ ശരീരത്തിൽ ആണ് കർത്താവു വന്നത് എങ്കിലും അത് പാപം തൊടാത്ത ശരീരം ആയിരുന്നു. അതുകൊണ്ട് യേശുക്രിസ്തുവിന്റെ ചിന്തകളിൽ പോലും പാപം കടന്നു വന്നില്ല. യേശുവിനു പാപം ചെയ്യുവാൻ കഴിയുമായിരുന്നോ എന്ന ചോദ്യത്തിന് ഒരിക്കലും കഴിയില്ലായിരുന്നു എന്നാണ് വേദപുസ്തകം നൽകുന്ന ഉത്തരം. എന്നാൽ യേശു നമ്മെപ്പോലെ തന്നെ പാപത്തിന്റെ പോരാട്ടം അനുഭവിക്കുകയും അതിലെല്ലാം ജയിക്കുകയും ചെയ്തു.

**മരണഭയം എന്ന അടിമത്തം:**

ജഡത്തിൽ ജീവിക്കുന്ന എല്ലാ മനുഷ്യർക്കും മരണഭയം ഉണ്ട്. നമ്മെ അടിമയാക്കുവാൻ ലോകവും സാത്താനും ഉപയോഗിക്കുന്ന ഒരു ഉപകരണം ആണ് മരണഭയം. മരണഭയവും പ്രാണഭയവും രണ്ടും രണ്ടാണ്. പൗലോസ് പലതവണ പ്രാണഭയത്തിൽ ആയി. എന്നാൽ അവൻ മരണഭയത്തെ കൃപയാൽ അതിജീവിച്ചിരുന്നു. എല്ലാ വീണ്ടെടുക്കപ്പെട്ടവരും മരണഭയത്തെ അതിജീവിക്കുന്നവരാണ്. എന്നാൽ അപ്പോഴും അവർക്കു പ്രാണഭയം പിന്നെയും കാണപ്പെടാം. പെട്ടെന്ന് ഒരാൾ തോക്കു ചൂണ്ടുമ്പോൾ, പെട്ടെന്ന് ഒരു അപകടം സംഭവിക്കുമ്പോൾ നമുക്ക് ശരീരത്തിൽ ഉണ്ടാവുന്ന പ്രതികരണം ആണ് പ്രാണഭയം. വിശ്വാസികൾ അല്ലാത്തവരുടെ ഇടയിലും അത് ഒട്ടും ഇല്ലാത്തവർ ഉണ്ട്. എന്നാൽ പൊതുവെ അങ്ങനെ പ്രാണഭയം ഇല്ലാത്തവർ കുറവാണ്. അനേകമനുഷ്യർ അവരുടെ പാപത്തിൽ ജീവിക്കുമ്പോൾ തന്നെ മരിക്കുന്നത് നാം ശ്രദ്ധിച്ചിട്ടുണ്ടാവാം.

മരണഭയം എന്നത് തികച്ചും വ്യത്യസ്തമായ ഒന്നാണ്. അത് പാപത്തിനു നമ്മെ അടിമയാക്കുന്നതിന് സാത്താൻ ഉപയോഗിക്കുന്ന ഒരു ഉപകരണം ആണ്. ഈ ജീവിതം പെട്ടെന്ന് തീരും എന്നും, അതിനുള്ളിൽ എന്തൊക്കെയോ പ്രാപിക്കുവാനും ചെയ്തു തീർക്കുവാനും അനുഭവിക്കാനും ഉണ്ട് എന്ന അവബോധം. പെട്ടെന്ന് മരണം സംഭവിച്ചാൽ ഞാൻ ഇല്ലാതെ പോകുമല്ലോ, അല്ലെങ്കിൽ നരകത്തിൽ പോകുമല്ലോ, എന്നിങ്ങനെ ഉള്ള ഭയങ്ങൾ

**മരണഭയവും പ്രാണഭയവും രണ്ടും രണ്ടാണ്. പൗലോസ് പലതവണ പ്രാണഭയത്തിൽ ആയി. എന്നാൽ അവൻ മരണഭയത്തെ കൃപയാൽ അതിജീവിച്ചിരുന്നു.**

ആണ് മരണഭയത്തിന്റെ ലക്ഷണങ്ങൾ. അത് നാമറിയാതെ ഈ ലോകത്തിന്റെ സന്തോഷങ്ങളിലും ആസ്വാദനങ്ങളിലും മുഴുകുവാൻ നമ്മെ പ്രേരിപ്പിക്കുന്നു.

ഇത് നമ്മെ ഉത്കണ്ഠയിലേക്കും മാനസിക വ്യഥകളിലേക്കും നയിക്കുന്നു. അവസാനം ഈ മരണഭയം നമ്മുടെ ആത്മീകതയെയും പ്രാർഥനകളെയും നിയന്ത്രിക്കുന്നു. എല്ലാ മതങ്ങളും മരണഭയത്തെ ആസ്പദമാക്കി ആണ് പ്രവർത്തിക്കുന്നത്. പ്രാർത്ഥനകളും ഇന്ന് ഉപജീവനവിഷയങ്ങളിൽ അധിഷ്ഠിതമാണ്. ഇതെല്ലാം മരണഭയത്തോടുള്ള അടിമത്തത്തിന്റെ അടയാളങ്ങൾ ആണ്.

ലോകത്തിൽ കൂടുതൽ രസിക്കാൻ തോന്നുന്നതും നമ്മുടെ ആഗ്രഹങ്ങൾ സാധിച്ചില്ലെങ്കിൽ അതിയായി ദു:ഖിക്കുന്നതും എല്ലാം ഈ മരണഭയത്തിന്റെ അടിമത്തം കാരണം ആണ്. നമുക്ക് നമ്മോടു തന്നെയുള്ള ജഡീകമായ സ്നേഹം ആണ് മരണഭയത്തിന്റെ യഥാർത്ഥ വേര്. എന്നാൽ കർത്താവു ജഡശരീരത്തോടെ വന്നിട്ട് നമ്മുടെ പകരക്കാരനായി മരിച്ചു. അങ്ങനെ നമ്മുടെ മരണത്തെ നീക്കി മരണഭയത്തിൽ നിന്ന് നമ്മെ വിടുവിച്ചു. മരണം ഇനി നമ്മെ ഭയപ്പെടുത്തുന്നില്ല. കാരണം നാം നിത്യജീവൻ എന്ന വാഗ്ദത്തത്തിലേക്കു കൃപയാൽ പ്രവേശിച്ചിരിക്കുന്നു.

ഇന്ന് ഈ മരണഭയത്തെ നീക്കുന്ന ഉപദേശങ്ങൾ പ്രസംഗിക്കപ്പെടാതെ ആയപ്പോൾ മരണഭയം വിശ്വാസികളിൽ നിറയുന്നത് ആണ് കാണുന്നത്. ഇന്നത്തെ പല പ്രാർത്ഥനകളുടെയും ഉപവാസങ്ങളുടെയും കാരണം തന്നെ മരണഭയമാണ്. യേശുക്രിസ്തു പുനരുത്ഥാനം ചെയ്തു എന്നത് നമ്മുടെയും പുനരുത്ഥാനത്തിന്റെ വാഗ്ദത്തം ആണ്.

ദൂതന്മാരെ രക്ഷിക്കുവാൻ അല്ല കർത്താവു വന്നത്, പിന്നെയോ അബ്രഹാമിന്റെ സന്തതികളെ രക്ഷിക്കാൻ ആണ്. ആരാണ് അബ്രഹാമിന്റെ സന്തതികൾ? കർത്താവു പറയുന്നു, അബ്രഹാമിന് ഈ കല്ലുകളിൽ നിന്ന് മക്കളെ ഉളവാക്കാൻ ദൈവത്തിനു കഴിയും. ഗലാത്യ ലേഖനത്തിൽ പൗലോസ് വ്യക്തമാക്കുന്നു: വിശ്വസിക്കുന്ന സകലരും ആണ് വാഗ്ദത്ത പ്രകാരം ഉള്ള സന്തതികൾ. അതുകൊണ്ട് ആരൊക്കെയാണോ വിശ്വസിക്കുന്നത്, അവർക്കെല്ലാവർക്കും വേണ്ടി ക്രിസ്തു അവരിൽ ഒരുവനെപ്പോലെ ആയിത്തീർന്നു. •

## 10 വിശ്വസ്തതയ്ക്ക് വംശനാശം സംഭവിക്കുന്നുവോ...?

കാഴ്ച്ചപ്പാട് ഒരിക്കലും തെറ്റിപ്പോകുന്നതല്ലെന്ന് നാം സമ്മതിക്കേണ്ടതുണ്ട്.

പൗലൊസ് അപ്പൊസ്തലൻ താൻ വിശ്വസ്തനാണെന്നല്ല പറഞ്ഞിരിക്കുന്നത്. മറിച്ച് തന്നെ വിശ്വസ്തനെന്ന് ദൈവം എണ്ണി എന്നത്രെ. അതുകൊണ്ട് ശുശ്രൂഷ വിശ്വസ്തതയോടുകൂടി ചെയ്യുവാൻ താൻ ചുമതലപ്പെട്ടവനാണെന്ന കാര്യമാണ് പൗലൊസ് ശക്തിയായി പറയുന്നത്. പൗലൊസിനെ ക്രിസ്തുവിന്റെ സാക്ഷിയായി വിളിച്ചപ്പോൾത്തന്നെയാണ് വിശ്വസ്തനെന്ന് ദൈവം എണ്ണിയതും. പൗലൊസിന്റെ ജീവിതത്തിലെ ഉദ്ദേശ്യശുദ്ധിക്കാണ് ദൈവം വിലകല്പിച്ചത്. അതുകൊണ്ടാണ് പൗലൊസിനെ വിശ്വസ്തനെന്ന് ദൈവം എണ്ണിയതും.

യേശുകർത്താവ് ദൈവഭവനത്തിലൊക്കെയും വിശ്വസ്തനായിരുന്നു എന്നു നാം തിരുവചനത്തിൽ വായിക്കുന്നു. മോശെ ദൈവഭവനത്തിൽ ഒക്കെയും വിശ്വസ്തനായിരുന്നതുപോലെ യേശുവും തന്നെ നിയമിച്ചാക്കിയവനു വിശ്വസ്തനാകുന്നു (എബ്രായർ 3:2). യേശുവിന്റെ പ്രതിരൂപം ധരിക്കുവാൻ അവിടുന്ന് നമ്മെ വീണ്ടെടുത്തിരിക്കുന്നു. ചെറിയ കാര്യങ്ങളിൽപ്പോലും വിശ്വസ്തത പാലിക്കുന്നതു മുഖേന നമ്മുടെ ജീവിതംവഴി വിശ്വസനീയമായ ഒരു സാക്ഷ്യം നൽകുവാൻ നമുക്കു കഴിയണം. അവിശ്വസ്തതയുടെ ശക്തിയിൽനിന്നു യേശുവിന്റെ പരമയാഗം മൂലം നാം രക്ഷപ്രാപിച്ചിരിക്കുന്നു. ക്രിസ്തുവിൽ ഒരുവൻ പുതുസൃഷ്ടിയാകും എന്നു തിരുവചനത്തിൽ നൽകിയിരിക്കുന്ന വാഗ്ദത്തം നമ്മിൽ നിവൃത്തിക്കുന്നതിന് നാം നിരന്തരം അപേക്ഷിക്കുമെങ്കിൽ അവിശ്വസ്തത നമ്മുടെമേൽ മേലിൽ ആധിപത്യം പുലർത്തുകയില്ല. ഏതു മഹാപുരോഹിതനും വഴിപാടും യാഗവും അർപ്പിക്കുവാൻ നിയമിക്കപ്പെടുന്നു (എബ്രായർ 8:3). മാത്രമല്ല നമ്മുടെ അവയവങ്ങൾ തന്റെ കൃപയുടെ ഉപകരണങ്ങളായി രൂപാന്തരം പ്രാപിക്കുകയും ചെയ്യും. •



ഡേവിഡ് വിൽക്കേഴ്സൺ

# കൊടുങ്കാറ്റിലും യേശു മതിയായവൻ

**ക്രി**സ്തീയ ജീവിതം കഷ്ടരഹിതമായ ഒന്നല്ല. വിശുദ്ധന്മാരുടെ ജീവിതം ക്ലേശപൂർണമായിരിക്കും. വാസ്തവത്തിൽ, ഒരു വ്യക്തി എത്രത്തോളം ദൈവഭക്തനാണോ അത്രയധികം ക്ലേശകരമായ ദിനങ്ങൾ അയാൾക്കുണ്ടായിരിക്കും. കാര്യങ്ങൾ നന്നായി നടക്കുമ്പോൾ മാത്രമല്ല, നമ്മുടെ മോശം ദിവസങ്ങളിലും ദൈവം നമ്മോടൊപ്പമുണ്ട്. പ്രയാസങ്ങൾ നമ്മെ ബാധിക്കുമ്പോൾ എനിക്ക് നിങ്ങളെ സഹായിക്കുവാൻ കഴിയില്ല എന്ന് പറഞ്ഞ് ദൈവം അപ്രത്യക്ഷനാകുന്നില്ല. സുഖമുള്ള കാലത്തും കണ്ണുനീർ നേരത്തും ദൈവം വിശ്വസ്തനും കരുതലുള്ളവനുമാണ്. നമ്മുടെ പ്രയാസകരമായ സമയങ്ങളിൽ നാം സഹിക്കുന്ന ഓരോ വികാരവും ദൈവത്തെയും സ്പർശിക്കുന്നു.

അപ്പോസ്തലനായ പൗലോസ് പറയുന്നു: എന്നാൽ സർവോന്നതമായ ഈ ശക്തി ഞങ്ങളുടേതല്ല, ദൈവത്തിന്റേതു തന്നെ എന്നു വരേണ്ടതിന് മൺപാത്രങ്ങളായിരിക്കുന്ന ഞങ്ങളിലാണ് നിക്ഷേപിച്ചിരിക്കുന്നത് (2 കൊരിന്ത്യർ 4:7). യേശുക്രിസ്തുവിനെക്കുറിച്ചു വെളിപ്പാടിലൂടെയുള്ള ഈ അറിവും കൂടാതെ ക്രിസ്തുവിന്റെ സാന്നിധ്യവുമാണ് പൗലോസ് പരാമർശിക്കുന്ന നിധി. ഈ വിലയേറിയ നിധി മൺപാത്രമായിരിക്കുന്ന ശരീരത്തിൽ ഞങ്ങൾ സൂക്ഷിക്കുന്നു! മൺപാത്രം എന്നതിന് പൗലോസ് ഉപയോഗിക്കുന്ന ഗ്രീക്ക് പദത്തിന്റെ അർത്ഥം: ദുർബലമായ, എളുപ്പത്തിൽ തകരുന്ന, എളുപ്പത്തിൽ പ്രലോഭിപ്പിക്കപ്പെടുന്ന എന്നൊക്കെയാണ്.

വാസ്തവത്തിൽ, നാമെല്ലാവരും ബൈബിൾ പ്രതിപാദിക്കുന്ന എല്ലാ ബലഹീനതയും അനുഭവിക്കുന്നു. ശാരീരികമായവ കൂടാതെ മറ്റ് തരത്തിലുള്ള ബലഹീനതയുമുണ്ട്. അവ കൈകാര്യം ചെയ്യാൻ പ്രയാസമാണ്. മനസ്സിന്റെ ബലഹീനതകളാണ് കൂടുതലാളുകളെയും അസ്വസ്ഥരാക്കുന്നത്. അധൈര്യം, അസ്ഥിരത, ഉത്കണ്ഠ മുതലായവ മനസിന്റെ താളം തെറ്റിക്കുന്ന വിശദീകരിക്കാനാകാത്ത അനുഭവങ്ങളാണ്.

ഉദാഹരണമായി ചിലർ സംതൃപ്തിയോടെ ഉറങ്ങാൻ പോകും, എങ്കിലും സന്തോഷത്തെ മൂടിക്കളയുന്ന ഒരു കനത്ത കാർമേഘവുമായി അടുത്ത ദിവസം ഉണരും. അന്നത്തെ ദിവസം മുഴുവനും നിരാശ നിറഞ്ഞ

**പ്രയാസങ്ങൾ നമ്മെ ബാധിക്കുമ്പോൾ എനിക്ക് നിങ്ങളെ സഹായിക്കുവാൻ കഴിയില്ല എന്ന് പറഞ്ഞ് ദൈവം അപ്രത്യക്ഷനാകുന്നില്ല. സുഖമുള്ള കാലത്തും കണ്ണുനീർ നേരത്തും ദൈവം വിശ്വസ്തനും കരുതലുള്ളവനുമാണ്.**

മാനസികാവസ്ഥയാൽ ബന്ധിക്കപ്പെട്ടതായി തോന്നും. അത് എവിടെ നിന്നാണ് വന്നതെന്ന് അറിയില്ല. പക്ഷേ ഇരുണ്ട മേഘം തങ്ങളുടെമേൽ മൂടിക്കിടക്കുന്നു. അത് പോകില്ല. കുറ്റബോധം, ഭയം, ഉത്കണ്ഠ എന്നിവയെല്ലാം മനസ്സിന്റെ താളം തെറ്റിക്കുന്ന പ്രശ്നങ്ങളാണ്. ഭൂതകാലത്തെയോ അല്ലെങ്കിൽ ജീവിതത്തിൽ ഇപ്പോഴും പറ്റിനിൽക്കുന്ന ഏതെങ്കിലും പാപം നിമിത്തമോ അത്തരം കാര്യങ്ങൾ വേട്ടയാടിയേക്കാം. ഈ ബലഹീനതകൾ മനസ്സിനെ ബാധിക്കാതിരിക്കില്ല.

വികാരങ്ങൾ സ്വാധീനിക്കുന്നില്ലെന്നു ചിലർ പറഞ്ഞേക്കാം. എന്നാൽ വാസ്തവമായി അത് നമ്മെ സ്വാധീനിക്കുന്നുണ്ട്. ഉദാഹരണത്തിന് ദിവസങ്ങൾക്ക് മുമ്പ് ആരെങ്കിലും നിങ്ങളോട് സംസാരിച്ച ചില പരുഷമായ വാക്കുകൾ നിങ്ങൾക്ക് മറക്കുവാൻ കഴിയാതെ വരുന്നു. നിരസിക്കപ്പെട്ടതിന്റെയോ, അയോഗ്യനെന്ന ചിന്തയു ടേയോ നിരന്തരപോരാട്ടം അപ്പോൾ ഉള്ളിലുയർന്നു വന്നേക്കാം. ഈ വികാരങ്ങൾ ജീവിതരീതിയെ പ്രതികൂലമായി ബാധിക്കുന്നു.

ഒരിക്കൽ എനിക്ക് ഒരു പാസ്റ്ററുടെ ഭാര്യയിൽ നിന്ന് ഒരു കത്ത് ലഭിച്ചു, അവരുടെ ഭർത്താവ് കുറച്ച് വർഷങ്ങൾക്ക് മുമ്പ് മരിച്ചു. അയാൾ ശക്തനായ ഒരു പ്രസംഗകനും തന്റെ ആട്ടിൻകൂട്ടത്തിന് അർപ്പണബോധമുള്ള ഇടയനും, സ്നേഹവും കരുതലുമുള്ള പിതാവുമായിരുന്നുവെന്ന് അവൾ എഴുതി. എന്നാൽ അദ്ദേഹത്തിന് ഗുരുതരമായ ഒരു പ്രശ്നമുണ്ടായിരുന്നു: അയാൾ വ്യഭിചാരത്തിന്റെ ആത്മാവിനാൽ ബന്ധിക്കപ്പെട്ടു. സ്ത്രീകളുമായുള്ള നിരവധി ബന്ധങ്ങൾ കാരണം ഈ മനുഷ്യന് നാല് വ്യത്യസ്ത കൂടിവരവുകളിൽ നിന്ന് രാജിവെക്കേണ്ടിവന്നു. ഓരോ രാജിക്കുശേഷവും അയാൾ കുറച്ച് വർഷങ്ങൾ നന്നായി ജീവിക്കും. എങ്കിലും പിന്നീട് അയാളിൽ അതേ ആസക്തി വീണ്ടും ഉയർന്നുവരുകയും പാപജീവിതം വീണ്ടും തുടരുകയും ചെയ്യും.

ഭാഗ്യവശാൽ, അദ്ദേഹത്തിന്റെ ഭാര്യ ദൈവവചനം പഠിക്കുന്നവളും പ്രാർത്ഥനാ പോരാളിയും ആയിരുന്നു. അവൾ കർത്താവിനോട് ചേർന്നു നിന്നു. തുടർച്ചയായി തന്നെ ഉപദ്രവിക്കുന്ന ഒരാളുടെ കൂടെ താമസിക്കുന്നത് വിഡ്ഢിത്തം എന്ന് പറഞ്ഞ് ഭർത്താവിനെ ഉപേക്ഷിക്കണമെന്ന് സുഹൃത്തുക്കൾ പറഞ്ഞു. ദൈവം വിവാഹമോചനത്തെ വെറുക്കുന്നുവെന്ന് അവൾ മറുപടി പറഞ്ഞു. അതിനാൽ അവൾ കർത്താവിനെ മുറുകെ

**ഈ സ്ത്രീക്ക് വർഷങ്ങളോളം നീണ്ടു നിൽക്കുന്ന മാനസിക സംഘർഷം ഉണ്ടായിരുന്നു! അവളുടെ വിവാഹജീവിതത്തിൽ സന്തോഷത്തിന്റെ ചുരുക്കം ചില കാലഘട്ടങ്ങൾ മാത്രമേ ഓർക്കുവാൻ ഉണ്ടായിരുന്നുള്ളൂ.**

പിടിക്കാൻ തീരുമാനിച്ചു. അവളുടെ ഭർത്താവിന്റെ ചതി അവളെ ഭയങ്കരമായി വേദനിപ്പിച്ചു. എന്നാൽ അവനോടൊപ്പം നിൽക്കാനും അവനോട് ക്ഷമിക്കാനും സഹായിക്കാനും കർത്താവ് പറയുന്നതായി അവൾക്ക് തോന്നി. അതിനാൽ അവൾ തന്റെ എല്ലാ വേദനകളും വിശ്വസ്തതയോടെ കർത്താവിന്റെ അടുക്കൽ സമർപ്പിച്ചു. ഓരോ തവണയും മുന്നോട്ട് പോകാനുള്ള ശക്തി ദൈവം അവൾക്ക് നൽകി.

ഈ സ്ത്രീക്ക് വർഷങ്ങളോളം നീണ്ടു നിൽക്കുന്ന മാനസിക സംഘർഷം ഉണ്ടായിരുന്നു! അവളുടെ വിവാഹജീവിതത്തിൽ സന്തോഷത്തിന്റെ ചുരുക്കം ചില കാലഘട്ടങ്ങൾ മാത്രമേ ഓർക്കുവാൻ ഉണ്ടായിരുന്നുള്ളൂ. പക്ഷേ, ദൈവം അവളെ അനുഗ്രഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുമെന്ന് വാഗ്ദാനം ചെയ്തിട്ടുണ്ടെന്ന് അവൾക്കറിയാമായിരുന്നു.

ഇന്ന്, അവളുടെ മക്കൾ കർത്താവിനെ സ്നേഹിച്ച് ദൈവഭക്തരായ വിശ്വാസികളെ വിവാഹം കഴിച്ചു ജീവിക്കുന്നു. മാത്രമല്ല, ഈ സ്ത്രീ അവളുടെ സഭയിൽ അനുഗ്രഹീതയും ബഹുമാനിതയുമാണ്. വിവാഹിതരായ യുവതികളോട് സംസാരിക്കാൻ ഈ മാതാവിനെ പലപ്പോഴും ക്ഷണിക്കാറുണ്ട്. ഒരു ചെറിയ പ്രശ്നത്തിന് പോലും ഭർത്താവിനെ ഉപേക്ഷിക്കരുതെന്ന് അവൾ എപ്പോഴും ഉപദേശിക്കുന്നു. പകരം, അവൾ അവരോട് പറയുന്നു, എല്ലാ കൊടുങ്കാറ്റിലും യേശു എനിക്ക് മതിയായവനായിരുന്നു. എനിക്ക് പ്രതീക്ഷിക്കാവുന്നതിലും അപ്പുറം യേശു എന്നെ അനുഗ്രഹിച്ചിരിക്കുന്നു! അവൾ തുടർന്നു: എന്റെ വികാരങ്ങൾക്ക് വഴങ്ങാൻ തോന്നിയ ഭയാനകമായ ദിവസങ്ങളുണ്ടായിരുന്നു. എത്ര തവണ ഭർത്താവിനെ ഞാൻ ഉപേക്ഷിക്കാൻ ആഗ്രഹിച്ചുവെന്ന് എനിക്ക് പറയാൻ കഴിയില്ല. എന്റെ ഭർത്താവ് പ്രസംഗിക്കുന്നു. എല്ലാവരുടെയും ഹൃദയങ്ങളെ

ചലിപ്പിക്കുന്നു, പക്ഷേ അയാൾ ഒരു വ്യഭിചാരി യാണ്. എന്റെ എല്ലാ ശ്രമങ്ങളും വെറുതെയായി എന്ന ചിന്ത എന്നെ വേട്ടയാടി. എന്നാൽ ദൈവത്തിൽ നിന്ന് ഒരു വാഗ്ദാനമുണ്ടെന്ന് എനിക്കറിയാമായിരുന്നു. ഞാൻ പ്രാർത്ഥിച്ചപ്പോൾ, എന്നോടുള്ള തന്റെ വാഗ്ദാനത്തെക്കുറിച്ച് ദൈവം ഓർപ്പിച്ചു. എപ്പോഴും മുന്നോട്ട് പോകാൻ എനിക്ക് ശക്തി നൽകി. ഇപ്പോൾ ദൈവം തന്റെ നന്മ കാണിച്ചുവെന്ന് എനിക്ക് പറയാൻ കഴിയും!

മാസിഡോണിയയിൽ യാത്ര ചെയ്യവേ പൗലോസിന് തിക്താനുഭവങ്ങൾ ഉണ്ടായി. ഞങ്ങൾ മാസിഡോണിയയിൽ എത്തിയപ്പോൾ ഞങ്ങളുടെ ശരീരത്തിന് വിശ്രമമില്ലായിരുന്നു. പക്ഷേ ഞങ്ങൾ അസ്വസ്ഥരായിരുന്നു. എല്ലാ ഭാഗത്തും; പുറത്ത് യുദ്ധവും അകത്തു ഭയവും ഉണ്ടായിരുന്നു (2 കൊരിന്ത്യർ 7:5). തന്റെ ഉള്ളിലെ മനുഷ്യനെ ഒരു ഭയം മാത്രമല്ല, പല ഭയങ്ങളും ബാധിച്ചിട്ടുണ്ടെന്ന് ഈ ദൈവഭക്തനായ മനുഷ്യൻ ഏറ്റുപറഞ്ഞു! വാസ്തവത്തിൽ പൗലോസ് അമാനുഷികനായിരുന്നില്ല. മാനുഷിക പരിമിതികൾക്കു വിധേയനായിരുന്നു. മാനുഷിക വികാരങ്ങൾ നാമെല്ലാവരും അഭിമുഖീകരിക്കുന്നു. അതെ, പൗലോസിന് തിക്താനുഭവങ്ങളുടെ ദിവസങ്ങളുണ്ടായിരുന്നു. എന്നാൽ ഒരിക്കലും തന്റെ വികാരങ്ങൾക്കും പ്രലോഭനങ്ങൾക്കും വഴങ്ങിയില്ല.

**പൗലോസ് മാനുഷിക പരിമിതികൾക്കു വിധേയനായിരുന്നു. അതെ, പൗലോസിന് തിക്താനുഭവങ്ങളുടെ ദിവസങ്ങളുണ്ടായിരുന്നു.**

ഏറ്റവും മോശമായ സമയത്ത് അദ്ദേഹം സാക്ഷ്യപ്പെടുത്തി: ഞാൻ ആശ്വാസം കൊണ്ട് നിറഞ്ഞിരിക്കുന്നു. എല്ലാ കാര്യങ്ങളിലും ഞാൻ അതിയായ സന്തോഷവാനാണ്. (2 കൊരിന്ത്യർ 7:4).


നിങ്ങൾ ഒരു വേദന നിറഞ്ഞ ദിവസത്തിലൂടെയോ, ആഴ്ചയിലൂടെയോ, നീണ്ട സീസണിലൂടെയോ കടന്നുപോകുകയാണോ? നിരാശയോ, വിശ്വാസം ഉപേക്ഷിക്കാനുള്ള ചിന്തകളോ നിങ്ങളെ സ്വാധീനിക്കുന്നുണ്ടോ? ദൈവം വാഴ്ത്തപ്പെട്ടവൻ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ മനസ്സലിവുള്ള പിതാവും, എല്ലാ ആശ്വാസത്തിന്റെയും ദൈവവും നമ്മുടെ എല്ലാ കഷ്ടതകളിലും നമ്മെ ആശ്വസിപ്പിക്കുന്നു. ഇവിടെ ആശ്വാസം എന്നതിനുള്ള ഗ്രീക്ക് പദത്തിന്റെ അർത്ഥം 'അടുത്തു വിളിക്കുക' എന്നാണ്. എന്തൊരു അത്ഭുതകരം! നമുക്ക് തിക്താനുഭവങ്ങൾ അനുഭവപ്പെടുമ്പോൾ സ്വർഗ്ഗസ്ഥനായ പിതാവ് അവ നമ്മുടെ നന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നു. അത് നമ്മെ തന്നിലേക്ക് കൂടുതൽ അടുപ്പിക്കുന്നു. •

## മാന്യ വരിക്കാരുടെ ശ്രദ്ധക്ക്

- അഡ്രസ് സ്ളിപ്പിന്റെ ഇടതുവശത്തു മുകൾഭാഗത്തു കൊടുത്തിരിക്കുന്ന ID നമ്പർ ഓഫീസുമായി ബന്ധപ്പെടുമ്പോൾ അറിയിക്കേണ്ടതാണ്.
- പലരുടെയും വരിസംഖ്യാകാലാവധി കഴിഞ്ഞിരിക്കുന്നതിനാൽ വരിസംഖ്യ അടയ്ക്കുന്നത് ഈ ശുശ്രൂഷയ്ക്ക് വലിയ സഹായമായിരിക്കും. **ബാക്ക് കവറിൽ** കൊടുത്തിരിക്കുന്ന QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്. കുടിശിക എത്രയെന്നറിയുവാൻ ഓഫീസുമായി ബന്ധപ്പെടുക. **കുടിശിക ഉള്ളവർ എത്രയും വേഗത്തിൽ അടയ്ക്കുമല്ലോ.**
- വിലാസം അപൂർണ്ണമായതിനാൽ ചില മാസികകൾ മടങ്ങി വന്നിട്ടുണ്ട്. ചിലരുടെ ഫോൺനമ്പർ ഇല്ലാത്തതിനാൽ ബന്ധപ്പെടുവാനും കഴിയുന്നില്ല. മാസിക കിട്ടാത്തവർ ഓഫീസുമായി ബന്ധപ്പെടുക.
- മേൽവിലാസത്തിൽ മാറ്റം വരുന്നപക്ഷം ഐ ഡി നമ്പരും, പുതിയ വിലാസവും ഫോൺനമ്പറും ഓഫീസിൽ അറിയിക്കുക. (Manager: 9495 435 336, Editor: 9495 213 269 E-mail: editornerveedhi@gmail.com)
- കമ്പ്യൂട്ടർ കോപ്പി (PDF) ആവശ്യമുള്ളവർ E-mail ID അയച്ചു തരിക.
- നിങ്ങളുടെ സുഹൃത്തുക്കൾക്കും സഹപ്രവർത്തകർക്കും മാസിക പരിചയപ്പെടുത്തുന്നത് ഈ ശുശ്രൂഷയ്ക്ക് സഹായകരമാണ്.

*എഡിറ്റർ*





ഡോ. സജികുമാർ കെ. പി.

# വ്യക്തിത്വ വികസനത്തിലേക്കുള്ള ദൈവീക പടികൾ...

**യേ**ശുവിനെ അനുഗമിക്കുന്ന വ്യക്തി എന്ന നിലയിൽ നാം മറ്റുള്ളവരോട് ഇടപെടുമ്പോൾ നാം നമ്മെക്കുറിച്ച് എന്തു ചിന്തിക്കുന്നു എന്നത് വളരെ പ്രസക്തമാണ്. മറ്റേതൊരു വികാരത്തേക്കാളും ഉപരി നാം നമ്മെ എത്രമാത്രം വിലമതിക്കുന്നു എന്നുള്ളതാണ് നമ്മുടെ സന്തോഷത്തിനും വിജയത്തിനും നിദാനമായിരിക്കുന്നത്. ഞാൻ മറ്റുള്ളവരാൽ സ്നേഹിക്കപ്പെടുവാൻ യോഗ്യതയുള്ള വ്യക്തിയാണ് എന്നും, മറ്റുള്ളവരോട് കിടപിടിക്കത്തക്ക കഴിവുകൾ എന്നിലും ഉണ്ട് എന്നുമുള്ള ധാരണയാണ് ആത്മവിശ്വാസത്തിന്റെ കാതലായ കാര്യം. ആത്മവിശ്വാസം ചോർന്നുപോയ ഒരാൾക്ക് മറ്റുള്ളവർ തന്നെ സ്നേഹിക്കുന്നില്ലെന്നും, ലോകത്തിലെ ഒട്ടുമിക്ക ആളുകളും തന്നെ നോവിക്കുന്നവരാണെന്നും തോന്നുക സ്വാഭാവികമാണ്.

നാം ചെയ്തെടുക്കുന്ന ഏതൊരു കാര്യത്തിനും മറ്റുള്ളവരുടെ അംഗീകാരവും പ്രശംസയും ആഗ്രഹിക്കുക സ്വാഭാവികമാണ്. അതോടൊപ്പം ഏതൊരു പ്രവർത്തിക്കു ശേഷവും നാം നമ്മെത്തന്നെ വിലയിരുത്താറുമുണ്ട്. മറ്റുള്ളവരുടെ വിമർശനങ്ങൾ തുറന്ന മനസ്സോടെ സ്വീകരിക്കുവാൻ കഴിയുകയും, അപവാദങ്ങൾക്കും തരംതാഴ്ത്തലുകൾക്കും മുമ്പിൽ തളർന്നു പോകാതിരിക്കുന്നതും ഒരു ദൈവപൈതലിന്റെ ആരോഗ്യമുള്ള വ്യക്തിത്വത്തിന്റെ ലക്ഷണങ്ങളാണ്.

ആത്മവിശ്വാസം നഷ്ടപ്പെട്ടുപോയവർ സ്വയം ഉൾവലിയുന്നവരും, അധികാരത്തിലിരിക്കുന്നവരെ അമിതമായി ഭയപ്പെടുന്നവരും ആയിരിക്കും. സ്വന്തം നേട്ടങ്ങളെക്കുറിച്ച് അഭിമാനം കൊള്ളുവാൻ അവർക്ക് കഴിയുകയില്ല. സത്യം സത്യമായി പറഞ്ഞാൽ ഒരു വഴക്കു ഉണ്ടായേക്കാവുന്ന സാഹചര്യത്തിൽ വഴക്കൊഴിവാക്കാൻ അവർ സത്യത്തിനു പകരം നുണ പറയും. എപ്പോഴും അവർ പലതിനെക്കുറിച്ചും വ്യാകുലപ്പെടുന്നവരും സ്വയം പഴിക്കുന്നവരും ആയിരിക്കും.

ശാരീരികമായും മാനസികമായും ഉപദ്രവിക്കപ്പെട്ടു കൊണ്ടേയിരിക്കുന്ന കുഞ്ഞുങ്ങൾ, അമിതമായി വിമർശനങ്ങൾ മാത്രം മാതാപിതാക്കളിൽ നിന്നും കേൾക്കേണ്ടി വരുന്ന കുഞ്ഞുങ്ങൾ, വിവാഹമോചനം നേടിയ മാതാപിതാക്കളുടെ മക്കൾ, ചെറുപ്പത്തിൽ തന്നെ അനാഥരായവർ, എന്നിവരിലൊക്കെ

ആത്മവിശ്വാസക്കുറവ് കാണുക സ്വാഭാവികമാണ്. സ്നേഹം, സന്തോഷം, ദു:ഖം,കോപം എന്നിങ്ങനെയൊക്കെയുള്ള വികാരങ്ങൾ ആരോഗ്യകരമായി പ്രകടിപ്പിക്കുവാൻ അനുവാദമില്ലാത്ത സാഹചര്യങ്ങൾ നമ്മുടെ വ്യക്തിത്വത്തെ ദോഷമായി ബാധിക്കാം. മറ്റുള്ളവരോട് തോന്നുന്ന ദേഷ്യവും വിഷമവും തുറന്നു പറയാതെ മനസ്സിൽ സൂക്ഷിച്ചു വയ്ക്കുന്നവർ അവസാനം ക്ലേശങ്ങളിൽ അകപ്പെടുക സ്വാഭാവികമാണ്. ആരോഗ്യകരമായ ആത്മീയജീവിതത്തിന് ആരോഗ്യമുള്ള വ്യക്തിത്വം കൂടിയേ തീരൂ. നിയന്ത്രിക്കുവാൻ കഴിയാത്തതെന്നും മാറ്റുവാൻ അസാധ്യമായതെന്നും തോന്നുന്ന ജീവിതരീതികളെ പുന:പരിശോധിക്കുക എന്നതാണ് ആരോഗ്യമുള്ള വ്യക്തിത്വത്തിലേക്ക് ഉള്ള പ്രധാന പടി.

ആരോഗ്യകരമായ വ്യക്തിത്വ വികസനം നേടിയവർ നേതൃത്വഗുണമുള്ളവരും മറ്റുള്ളവരോട് ഇടപെടുന്നതിൽ നിപുണത നേടിയവരും ആണ്. മറ്റുള്ളവരിൽ മിതമായി ആശ്രയിക്കുന്നവരും ആവശ്യഘട്ടങ്ങളിൽ മറ്റുള്ളവരുടെ അഭിപ്രായങ്ങൾ ചോദിക്കുന്നവരും ആണ് അവർ. എങ്കിലും സ്വയം സുപ്രധാന തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അവർക്ക് പക്വതയുണ്ട്. മറ്റുള്ളവരുടെ വികാരങ്ങൾ തിരിച്ചറിഞ്ഞ് വിവിധ സാഹചര്യങ്ങളോട് പൊരുത്തപ്പെടുവാൻ അവർക്ക് കഴിയും. സ്വന്തം കഴിവുകളെ തിരിച്ചറിയുവാനും അതിൽ അടിസ്ഥാനപ്പെട്ട് ഭാവിയെ മുൻ കാണുവാനും അവർക്ക് സാധിക്കും. സ്വന്തം പ്രവർത്തികളുടെ അനന്തരഫലങ്ങളെ അത് നല്ലതായാലും തീയതായാലും അംഗീകരിക്കുവാൻ അവർക്ക് കഴിയും. സ്വന്തം പ്രവർത്തി പരാജയത്തിൽ കലാശിച്ചാൽ അത് മറ്റുള്ളവരുടെ ദോഷം കൊണ്ടാണ് എന്ന് വിധിയെഴുതാതെ സ്വയം ഉത്തരവാദിത്വം ഏറ്റെടുക്കുകയും മാറ്റങ്ങളെ ഉൾക്കൊള്ളുവാൻ തയ്യാറാവുകയും ചെയ്യും.

നിയന്ത്രണാധീത സ്വഭാവരീതികൾ നമ്മിൽ ഉണ്ടെന്ന് അംഗീകരിക്കുക എന്നതാണ് വിജയത്തിലേക്കുള്ള ഒന്നാമത്തെ പടി. നമ്മുടെ ശക്തിയേക്കാൾ ഉന്നതമായ ദൈവീക ശക്തിയാൽ സ്വഭാവരീതികളിൽ വ്യതിയാനം വരുത്തുവാൻ കഴിയും എന്ന് വിശ്വസിക്കുക. സ്വന്തം ഇഷ്ടങ്ങളും ജീവിതവും ദൈവത്തിന്റെ സൗഖ്യമാക്കുന്ന കൃപയ്ക്ക് മുമ്പിൽ ഏൽപ്പിക്കുക. നമ്മുടെ കഴിവുകളുടെ ഒരു പട്ടിക തയ്യാറാക്കുക. അതോടുകൂടി ബലഹീനതകൾ എന്ന് ചിന്തിക്കുന്നവയുടെ ഒരു പട്ടികയും ഉണ്ടാക്കുക. എന്നിട്ട് സ്വഭാവത്തിലെ ന്യൂനതകളെ മാറ്റിക്കളയുവാൻ എന്തെല്ലാം മാറ്റങ്ങൾ ജീവിതരീതിയിൽ കൊണ്ടുവരാം എന്ന് ചിന്തിക്കുക. അതിനായി ദൈവത്തോട് പ്രാർത്ഥിക്കുക. സ്ഥിരമായി ദൈവവുമായി സംസർഗ്ഗം നടത്തുകയും, പരിശുദ്ധാത്മാവിന് നമ്മോട് സംസാരിക്കുവാൻ അവസരം നൽകുകയും ചെയ്യുക. സ്വഭാവ രീതികളിൽ പ്രതിഫലിക്കുന്ന ശിഷ്യത്വത്തിന്റെ ശ്രേഷ്ഠത ലോകം നമ്മിൽ കാണട്ടെ. ആരോഗ്യമുള്ള വ്യക്തിത്വം വളർത്തിയെടുക്കുവാൻ ദൈവം നമ്മെ സഹായിക്കുമാറാകട്ടെ. •

# ആത്മവിശ്വാസം വചനപ്രകാരം

**നിങ്ങൾക്ക് യേശുകർത്താവിൽ ആശ്രയിക്കാൻ കഴിയുന്നതാണ് വചനപ്രകാരമുള്ള ആത്മവിശ്വാസത്തിന്റെ അടിത്തറ. ലോകത്തിൽ സമ്പന്നർ പലപ്പോഴും തങ്ങളുടെ സമ്പത്തിലും ശക്തർ പലപ്പോഴും തങ്ങളുടെ ശക്തിയിലും ജ്ഞാനികൾ തങ്ങളുടെ ജ്ഞാനത്തിലും ആത്മവിശ്വാസമുള്ളവരാണ്. ഇതിനാണോ ക്രിസ്ത്യാനികൾ വിളിക്കപ്പെട്ടിരിക്കുന്നത്? ലോകം നൽകുന്ന ആത്മവിശ്വാസപ്രകാരം ജീവിക്കുവാൻ നാം വിളിക്കപ്പെട്ടിട്ടുണ്ടോ? ഇല്ല! ക്രിസ്തീയ വിശ്വാസത്തിന്റെ ഉറവിടം നമ്മിലോ, പ്രഭുക്കന്മാരിലോ, സമ്പത്തിലോ ഒന്നുമല്ല, പ്രത്യുത ദൈവത്തിലാണ്. ക്രിസ്തീയജീവിതത്തിന്റെ ലക്ഷ്യം സ്വാർത്ഥ അഭിലാഷമല്ല, മറിച്ച് ദൈവത്തിന്റെ മഹത്വമാണ്. ക്രിസ്ത്യാനികൾ എന്ന നിലയിൽ, നമ്മിലോ സ്വന്തജ്ഞാനത്തിലോ ആശ്രയിക്കാതെ ദൈവത്തിൽ മാത്രം ആശ്രയിക്കണമെന്ന പ്രബോധനം വചനം നൽകുന്നു. ദൈവം നമ്മുടെ ആശ്രയവും പാറയും സങ്കേതവുമാണ്.**



പി വി വർഗീസ്

# ഭീകരതയുടെ മുമ്പിൽ ഭീതിതർ ആകാതെ...

***ആകയാൽ ഈ സംഭവിപ്പാനുള്ള എല്ലാറ്റിനും ഒഴിഞ്ഞുപോകുവാനും മനുഷ്യപുത്രന്റെ മുമ്പിൽ നില്പാനും നിങ്ങൾ പ്രാപ്തരാകേണ്ടതിന് സദാകാലവും ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിപ്പിൻ ( ലൂക്കോസ് 21 :36)***

**ലോ**കത്തിനു എന്ത് ഭവിക്കുവാൻ പോകുന്നു എന്ന് വിചാരിച്ചു അനേകർ നിർജ്ജീവന്മാരായിത്തീരുമെന്നു ലൂക്കോസ് *21* ൽ യേശുകർത്താവു പറയുന്നുണ്ട്. ഏതാണ്ട് ഇത്തരം ഒരു സാഹചര്യത്തിലാണ് ഏറെക്കുറെ എല്ലാവരും നാളെകളെ നോക്കിക്കാണുന്നത്. സംഭവിച്ചു കൊണ്ടിരിക്കുന്ന ആനുകാലിക സംഗതികളും ഈ ഉത്കണ്ഠയെ അരക്കിട്ടുറപ്പിക്കുന്നു. ഈ മനോഭാവത്തോടെ പുതുവർഷത്തിലേക്കു നോക്കുന്നവർ ആകാംഷയും ആകുലതയും അരാജകത്വവും ആയിരിക്കും കാണുക. എന്നാൽ മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു ആരുടെയുള്ളിൽ വസിക്കുന്നുവോ അവർക്കു ഭാവിയിൽ സംഭവിക്കാൻ പോകുന്ന സകലത്തെയും അതിജീവിച്ചു യേശുകർത്താവിന്റെ മുമ്പാകെ നിൽക്കുവാൻ കൃപയാൽ സാധിക്കും. അവർ സദാകാലവും ഉണർന്നും പ്രാർത്ഥിച്ചുംകൊണ്ടിരിപ്പിൻ എന്ന് യേശുകർത്താവ് നൽകുന്ന മുന്നറിയിപ്പ് വളരെ ഗൗരവത്തോടെ കാണേണ്ടതാണ്.

എല്ലാക്കാലത്തും ദൈവദൃഷ്ടിയിൽ ജനങ്ങൾ രണ്ടു തട്ടിലുള്ളവരാണ്. ദൈവത്തെ അറിയുന്നവരും അറിയാത്തവരും, സേവിക്കുന്നവരും സേവിക്കാത്തവരും, അനുസരിക്കുന്നവരും അനുസരിക്കാത്തവരും. നീതിമാനും ദുഷ്ടനും തമ്മിലും, ദൈവത്തെ സേവിക്കുന്നവനും സേവിക്കാത്തവനും തമ്മിലുമുള്ള വ്യത്യാസം വീണ്ടും കാണും (മലാഖി 3:18) സൂര്യനിലും ചന്ദ്രനിലും നക്ഷത്രങ്ങളിലും അടയാളങ്ങൾ ഉണ്ടാകുന്നു; കടലിന്റെയും ഭീകരതിരമാലകളുടെയും ഗർജനത്താൽ ഭൂമിയിലെ ജനസഞ്ചയങ്ങൾ നടുങ്ങി പരിഭ്രമിക്കുന്നു. ആകാശഗോളങ്ങൾ സ്വസ്ഥാനത്തുനിന്നു വ്യതിചലിക്കുന്നതുകൊണ്ട് ലോകത്തിന് എന്തു സംഭവിക്കാൻ പോകുന്നു എന്ന സംഭ്രമത്തോടെ മനുഷ്യർ ഭീതിതരായിരിക്കുന്നു. ഇക്കാര്യങ്ങൾ സംഭവിച്ചുതുടങ്ങുമ്പോൾ, ധൈര്യപൂർവം നിവർന്നുനിൽക്കുന്നവർ ദൈവത്തെ സേവിക്കുന്നവർ മാത്രമായിരിക്കും.

അനിതരസാധാരണമായ നിലയിൽ വഷളത്തവും മ്ലേച്ഛതയും, തകർത്തെറിയുന്ന കൊടുങ്കാറ്റു പോലെ ധാർമികതയെ തകർത്തു കളഞ്ഞിരിക്കുന്നു. കേട്ടുകേൾവി പോലുമില്ലാത്തതും സമാനതകളില്ലാത്തതുമായ കൊടുംക്രൂരതകൾ അരങ്ങു തകർക്കുന്നു. സമസ്തമേഖലകളിലും അഭൂതപൂർവ്വമായ വിധത്തിൽ അനീതിയും ദുഷ്ടതയും കൊടികുത്തി വാഴുന്നു. ഇത്തരം ചെയ്തികളിൽ മുഴുകുന്നവർ ദൈവത്തെ സേവിക്കാത്തവരാണെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. കൊടും ഭീകരതയിലാണ് ഇവരുൾപ്പെട്ടു നിൽക്കുന്നതെങ്കിലും പാപബോധത്തോടെ കുറ്റമേറ്റു പറഞ്ഞു ദൈവത്തിങ്കലേക്കു മടങ്ങിവരുവാൻ സർവ്വകൃപലുവായ ദൈവം തന്റെ ദീർഘക്ഷമയാൽ ഇപ്പോഴും അവസരം നല്കിക്കൊണ്ടേയിരിക്കുന്നു. ഹൃദയകാഠിന്യം നിമിത്തം കണ്ണുണ്ടെങ്കിലും

കാണാത്ത അവസ്ഥയിലായിരിക്കും ഇക്കൂട്ടർ. എങ്കിലും മനസ് ദൈവത്തിങ്കലേക്കു തിരിച്ചു മാനസാന്തരപ്പെട്ടാൽ ദൈവത്തിന്റെ മനസ്സലിവിനാൽ ലഭ്യമാകുന്ന കൃപയും കരുണയും, വലിയതും വിലയേറിയതുമായ രക്ഷയും, സൗജന്യമായി പ്രാപിപ്പാൻ ഇപ്പോഴും അവസരമുണ്ട്. എങ്കിലും മറുത്തു മത്സരിച്ചാൽ അവസാനിക്കാത്ത നിത്യശിക്ഷാവിധിയായിരിക്കും ലഭിക്കുക.

ഉണർന്നും പ്രാർത്ഥിച്ചും കൊണ്ടിരിക്കുക എന്നതാണ് ഈ ദുർഘടങ്ങളെ ഒഴിഞ്ഞു പോകുവാൻ കർത്താവു നിർദ്ദേശിച്ചിരിക്കുന്ന പരിഹാരമാർഗ്ഗം. ഉണർവ്വ് എന്നത് സാധാരണ നാം ഉപയോഗിക്കുന്ന ഒരു വാക്കാണെങ്കിലും ഒരുപാടു തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്ന ഒരു പ്രയോഗമാണ്. ഉപരിപ്ലവമായി ശബ്ദകോലാഹലങ്ങൾ ഉണ്ടാക്കുന്നതാണ് ഉണർവ്വ് എന്ന് അനേകരും ധരിച്ചുവശായിരിക്കുന്നു. ഉറങ്ങുന്നവരേ, ഉണരൂ, മരിച്ചവരുടെ മദ്ധ്യേ നിന്ന് എഴുന്നേൽക്കൂ, അപ്പോൾ ക്രിസ്തു നിന്റെമേൽ പ്രശോഭിക്കും എന്ന് എഫെസ്യർ 5:14 ൽ വായിക്കുന്നു.

**ആരാണ് ഉണരേണ്ടത്?**

അതിക്രമങ്ങളിലും പാപങ്ങളിലും മുഴുകി ജീവിക്കുന്നവർ ആത്മികമായി മരിച്ചവരാണ്. അവരുടെ ഇടയിൽ നിന്നും ഉണർന്നെഴുന്നേൽക്കണം എന്നാണ് വചനം ആവശ്യപ്പെടുന്നത്. ക്രിസ്തുവിന്റെ വെളിച്ചം തന്റെ ജനത്തിലൂടെ ലോകത്തിൽ പ്രകാശിക്കുന്നു. അതിനാൽ ആത്മികമായി മൃതാവസ്ഥയിൽ ജീവിക്കുന്നവരാണ് ഉണരേണ്ടത്. അക്ഷരാർഥത്തിൽ ഉറങ്ങുന്ന വ്യക്തിക്ക് ആ സമയത്ത് തന്നെപ്പറ്റിയോ ഉത്തരവാദിത്തങ്ങളെക്കുറിച്ചോ യാതൊരു ചിന്തയും ഓർമ്മയും ഇല്ല. എന്നാൽ ഉണർന്നു കഴിയുമ്പോൾ മേൽപ്പറഞ്ഞ എല്ലാക്കാര്യങ്ങളും ചിന്തയിൽ വരികയും കർമ്മനിരതനാവുകയും ചെയ്യുന്നു. സ്വയം വെടിപ്പാക്കുക എന്നതാണ് ഉറങ്ങി എഴുന്നേറ്റ വ്യക്തി ചെയ്തു തുടങ്ങുന്നത്. ദൈവവചനം കേട്ട് ആത്മികമായി ഉണരുന്നവർ ശുദ്ധീകരണം പ്രാപിക്കുകയാണ് ചെയ്യുന്നത്. അതായത് ജഡത്തിലെയും ആത്മാവിലേയും കന്മഷങ്ങൾ പരിശുദ്ധാത്മ സഹായത്താൽ നീക്കിത്തുടങ്ങുന്നു. ദൈവത്തിന്റെ ഇഷ്ടമോ നമ്മുടെ ശുദ്ധീകരണം തന്നെ. ശുദ്ധീകരണം കൂടാതെ ആർക്കും ദൈവത്തെ കാണുവാൻ കഴിയുകയില്ലല്ലോ.

**എന്തിനാണ് ഉണരേണ്ടത്?**

എഴുന്നേറ്റു പ്രകാശിക്കുക, നിന്റെ പ്രകാശം

**ഉണർവ്വ് എന്നത് സാധാരണ നാം ഉപയോഗിക്കുന്ന ഒരു വാക്കാണെങ്കിലും ഒരുപാടു തെറ്റിദ്ധരിക്കപ്പെട്ടിരിക്കുന്ന ഒരു പ്രയോഗമാണ്. ഉപരിപ്ലവമായി ശബ്ദകോലാഹലങ്ങൾ ഉണ്ടാക്കുന്നതാണ് ഉണർവ്വ് എന്ന് അനേകരും ധരിച്ചു വശായിരിക്കുന്നു.**

വന്നിരിക്കുന്നു, യഹോവയുടെ തേജസ്സും നിന്റെമേൽ ഉദിച്ചിരിക്കുന്നു. ഇതാ, അന്ധകാരം ഭൂമിയെയും കൂരിരുട്ട് ജനതകളെയും മൂടുന്നു, എന്നാൽ യഹോവ നിന്റെമേൽ ഉദിക്കും, അവിടത്തെ തേജസ്സ് നിന്റെമേൽ പ്രത്യക്ഷമാകും. രാഷ്ട്രങ്ങൾ നിന്റെ പ്രകാശത്തിലേക്കും രാജാക്കന്മാർ നിന്റെ ഉദയപ്രഭയിലേക്കും വരും (യെശയ്യാവ് 60:1). ചന്ദ്രൻ സൂര്യതേജസ് പ്രതിഫലിപ്പിക്കുന്നത് പോലെ, ലോകത്തിന്റെ വെളിച്ചമാകുന്ന ക്രിസ്തുവിന്റെ പ്രകാശം, നമ്മുടെ വാക്കുകളിലൂടെയും ജീവിതത്തിലൂടെയും നാം പ്രതിഫലിപ്പിക്കണം. എങ്കിൽ മാത്രമേ നാനാജാതികളെ കാൽവറിയിൽ ഒരുക്കിയ രക്ഷാപദ്ധതിയിലേക്കു വഴി നടത്തുവാൻ കഴിയൂ. നാമുണരുമ്പോൾ അഥവാ മാനസാന്തരപ്പെട്ട് യഥാസ്ഥാനപ്പെടുമ്പോൾ,നമ്മിലുദിച്ച ദൈവ തേജസിന്റെ പ്രകാശത്താൽ പാപത്തിന്റെ അന്ധകാരത്തിൽ ആണ്ടുകിടക്കുന്ന ജനതകൾ ക്രിസ്തുവിന്റെ ഉദയശോഭയിലേക്കു നയിക്കപ്പെടും. ഇങ്ങനെ സംഭവിക്കുന്നില്ലെങ്കിൽ കേവലം ശബ്ദകോലാഹലം മാത്രമായി ക്രിസ്തീയ ജീവിതം തരംതാണു പോകും. അത് ഒരിക്കലും സംഭവിച്ചു കൂടാ.

**എവിടെ നിന്ന് ഉണരണം?**

ജീവനുള്ളവർ എന്ന് പേരുണ്ടെങ്കിലും ക്രൈസ്തവസഭകളിൽപ്പോലും ആത്മികമായി മരിച്ചവരുടെ എണ്ണം ക്രമാതീതമായി വർധിച്ചു കൊണ്ടിരിക്കുന്നു(വെളിപ്പാട്3:1). പിന്മാറ്റത്തിലുള്ളരോട് ചേർന്ന് മൃതാവസ്ഥയിലേക്കു വീഴാതെ, അവരുടെയിടയിൽ നിന്നും ഉണർന്നു, ചാവാറായ ശേഷിപ്പുകളെ ശക്തീകരിക്കുകയും വേണം.

സർവശക്തനായ ദൈവത്തിൽ സമ്പൂർണ്ണമായി ആശ്രയിച്ച്, ഉണർന്നും പ്രാർത്ഥിച്ചും കൊണ്ട് ദുർഘടങ്ങളെ നമുക്ക് അതിജീവിക്കാം. ●



**ബെന്നി ജി മണലി**

# മതിൽക്കെട്ടുകളെ മറികടക്കുവാൻ...!

സംഭവങ്ങളാൽ പ്രസിദ്ധമായ പട്ടണമാണ് യെരീഹോ. എന്താണ് യെരീഹോവിനുള്ള പ്രത്യേകത? യെരീഹോ വലിയ ആത്മീയ അനുഭവങ്ങളുടെ ഓർമ്മ നമുക്ക് നൽകുന്നുണ്ട്. ദൈവത്തിന്റെ കരുണയുടെയും കരുതലിന്റെയും വെളിപ്പാട്, ദൈവത്തിന്റെ വാഗ്ദത്തനിറവേറൽ, ദൈവീക പദ്ധതിയുടെ വിജയം! മനുഷ്യന് അസാധ്യം എങ്കിലും ദൈവത്തിന് സകലവും സാധ്യമെന്നു വിളിച്ചോതുന്ന അത്ഭുതം, ഇതൊക്കെ അവിടെ സംഭവിച്ചു.

*'അവർ യെരീഹോവിൽ എത്തി'; പിന്നെ അവൻ ശിഷ്യന്മാരോടും വലിയ പുരുഷാരത്തോടും കൂടെ 'യെരീഹോവിൽ നിന്നു പുറപ്പെടുമ്പോൾ' തിമായിയുടെ മകനായ ബർത്തിമായി എന്ന കുരുടനായ ഒരു ഭിക്ഷക്കാരൻ വഴിയരികെ ഇരുന്നിരുന്നു. നസറായനായ യേശു എന്നു കേട്ടിട്ട് അവൻ ദാവീദുപുത്രാ, യേശുവേ, എന്നോടു കരുണ തോന്നേണമേ എന്നു നിലവിളിച്ചുതുടങ്ങി. മിണ്ടാതിരിപ്പാൻ പലരും അവനെ ശാസിച്ചിട്ടും: ദാവീദുപുത്രാ, എന്നോടു കരുണ തോന്നേണമേ എന്ന് അവൻ ഏറ്റവും അധികം നിലവിളിച്ചു പറഞ്ഞു. അപ്പോൾ യേശു നിന്നു: അവനെ വിളിപ്പിൻ എന്നു പറഞ്ഞു. ധൈര്യപ്പെടുക, എഴുന്നേല്ക്ക, നിന്നെ വിളിക്കുന്നു എന്ന് അവർ പറഞ്ഞു കുരുടനെ വിളിച്ചു. അവൻ തന്റെ പുതപ്പ് ഇട്ടുകളഞ്ഞു ചാടിയെഴുന്നേറ്റു യേശുവിന്റെ അടുക്കൽ വന്നു. യേശു അവനോട്: ഞാൻ നിനക്ക് എന്തുചെയ്തു തരേണമെന്ന് നീ ഇച്ഛിക്കുന്നു എന്നു ചോദിച്ചതിന്: റബ്ബൂനീ, എനിക്കു കാഴ്ച പ്രാപിക്കേണമെന്നു കുരുടൻ അവനോടു പറഞ്ഞു.യേശു അവനോട്: പോക; നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്നു പറഞ്ഞു. ഉടനെ അവൻ കാഴ്ച പ്രാപിച്ചു യാത്രയിൽ അവനെ അനുഗമിച്ചു (മർക്കോസ് 10 : 46 - 52)*

തിമായിയുടെ മകനായ ബെർത്തിമായി എന്ന കുരുടനായ ഭിക്ഷക്കാരനു ലഭിച്ച അത്ഭുതസൗഖ്യം വലിയ സംഭവമാണ്. കുരുടൻ കാഴ്ച പ്രാപിക്കുക എന്നത് അതുവരെ ആർക്കും സങ്കൽപ്പിക്കുവാൻ പോലും കഴിയാത്ത അത്ഭുതമാണ്. കുരുടന്റെ കണ്ണുകൾ തുറന്നു തന്റെ സർവ്വശക്തി വെളിപ്പെടുത്തിയ കർത്താവ്, ഒരു ഭിക്ഷക്കാരന്റെ നിലവിളി കേട്ട് പക്ഷാഭേദമില്ലാത്ത തന്റെ അത്ഭുതകരുണയുടെ ആഴവും സ്നേഹത്തിന്റെ വിശാലതയും വെളിപ്പെടുത്തി! ഈ അത്ഭുതത്തിന്റെ സന്ദർഭം കുറിക്കുന്ന സുവിശേഷകൻ 'അവൻ യെരീഹോവിൽ എത്തി' എന്നും, 'യെരീഹോവിൽ നിന്ന് പുറപ്പെടുമ്പോൾ' എന്നും, കൃത്യമായി രേഖപ്പെടുത്തിയിരിക്കുന്നു.

ബിസി 9000 ത്തിനും 11000 ത്തിനുമിടയിൽ ഉണ്ടായ ഒരു പൗരാണിക പട്ടണമായ യെരീഹോ ചുറ്റുമതിലുള്ള ഒന്നായിരുന്നു. സൗരഭ്യം ഉള്ള സ്ഥലം എന്നാണ് ഈ പേരിന്റെ അർത്ഥം. ഈന്തപ്പനകളുടെ പട്ടണമാണ് യെരീഹോ. രണ്ടു ലെയർ ആയി ഉയർത്തിക്കെട്ടിയ വലിയ സംരക്ഷണമതിൽ ആയിരുന്നു ഇതിനു ചുറ്റും ഉണ്ടായിരുന്നത്. യെരീഹോയെക്കുറിച്ച് പലതവണ

പഴയ നിയമത്തിലും പുതിയ നിയമത്തിലും പ്രതിപാദിക്കുന്നുണ്ട്.

പഴയനിയമ പുസ്തകമായ യോശുവയുടെ പുസ്തകം ആരംഭിക്കുന്നത് തന്നെ പുതിയ ഒരു തുടക്കത്തിലൂടെയാണ്. മോശെ മരിച്ചതുകൊണ്ട് ഇസ്രയേലിന് പുതിയ ഒരു നേതൃത്വം! പുതിയ വാഗ്ദത്തങ്ങൾ! പുതിയ നേതൃത്വത്തിന്റെ കീഴിൽ പുതിയ കർമ്മപദ്ധതി. ജനങ്ങൾ പുതിയ ഊർജ്ജം പ്രാപിച്ച് വാഗ്ദത്തഭൂമിയെ കൈവശപ്പെടുത്തുവാൻ ചുവടുകൾ വയ്ക്കുന്നു. കൊയ്ത്തുകാലത്ത് കരകവിഞ്ഞൊഴുകുന്ന യോർദാൻനദിയെ വിഭജിച്ച് വഴിയൊരുക്കുന്ന ദൈവത്തിന്റെ പുതിയ പ്രവർത്തിക്ക് അവർ സാക്ഷികളായി!

യോശുവ ആറാം അധ്യായം ആരംഭിക്കുന്നത് യെരീഹോവിന്റെ വർണ്ണനയോടെയാണ്. എന്നാൽ യെരീഹോവിനെ ഇസ്രയേൽ മക്കളുടെ നിമിത്തം അടച്ച് ഉറപ്പാക്കിയിരുന്നു, ആരും പുറത്തിറങ്ങിയില്ല, അകത്ത് കയറിയതും ഇല്ല (യോശുവ 6:1). ഉറപ്പാക്കിയ പട്ടണം. ശക്തമായ മതിൽക്കെട്ടിനുള്ളിൽ സുരക്ഷിതമായ പട്ടണം. ആർക്കും ഉള്ളിൽ കയറുവാൻ കഴിയില്ല എന്ന് കരുതിയ പട്ടണം. എന്നാൽ ദൈവം എന്താണ് കൽപ്പിച്ചത്? ഞാൻ യെരീഹോവിനെയും അതിന്റെ രാജാവിനെയും യുദ്ധവീരന്മാരെയും നിന്റെ കയ്യിൽ ഏൽപ്പിച്ചിരിക്കുന്നു എന്ന് യഹോവ യോശുവയോടു കൽപ്പിച്ചു.

മനുഷ്യനിർമ്മിതമായ വന്മതിലുകൾക്ക് ദൈവത്തിന്റെ പദ്ധതിയെ തടയുവാൻ കഴിയുമോ? മനുഷ്യന്റെ ബുദ്ധിയും ശക്തിയും ദൈവത്തിന്റെ വഴി അടയ്ക്കുവാൻ പര്യാപ്തം ആകുമോ? ഇല്ല, ഒരിക്കലുമില്ല! ഇതല്ലേ യെരീഹോ നൽകുന്ന പാഠം. മുമ്പിൽ പ്രതിബന്ധം എത്ര ഉണ്ടെങ്കിലും കർത്താവ് നമ്മോടുകൂടെ ഉണ്ടെങ്കിൽ നാം ജയാളികൾ ആകും എന്നത് സുനിശ്ചിതമാണ്. തടസ്സങ്ങൾ കണ്ട് നിരാശപ്പെടേണ്ട. ആകുലചിന്തകളാൽ മനം കലങ്ങി അരക്ഷിതരാകേണ്ടതില്ല. മനുഷ്യനോ പിശാചോ കെട്ടുന്ന വന്മതിലുകൾക്ക് നിലനിൽപ്പില്ല. വാഗ്ദത്തദേശത്തേക്കുള്ള വഴി തടയുവാൻ ആർക്കും കഴിയില്ല. ദൈവത്തോട് ചേർന്ന് നടക്കുക മാത്രം ചെയ്യുക.

യെരീഹോയ്ക്ക് ചുറ്റുമുള്ള വന്മതിൽ വീഴ്ത്തുവാൻ ഇസ്രായേൽ ഒരു ബലപ്രയോഗം നടത്തേണ്ടതില്ല. നടത്തിയാൽ പ്രയോജനമില്ല എന്നതാണ് വാസ്തവം. ദൈവത്തിന് പ്രവർത്തിക്കുവാൻ അവസരം ഒരുക്കുകയാണ് അവർ ചെയ്യേണ്ടിയിരുന്നത്. ദൈവം നൽകിയ കൽപ്പന അവർ അങ്ങനെ തന്നെ അനുസരിച്ചപ്പോൾ ഭീമാകാരമായ ആ വന്മതിൽ തകർന്നടിഞ്ഞു! ദൈവത്തിലുള്ള വിശ്വാസം ദൈവത്തോടുള്ള അനുസരണത്തിലാണ് വെളിപ്പെടുന്നത്. ദൈവത്തിൽ വിശ്വാസമുള്ളവരായിരിക്കുക (മർക്കോസ് 11:22). നിങ്ങളുടെ ഹൃദയം കലങ്ങരുത്, ദൈവത്തിൽ വിശ്വസിപ്പിൻ, എന്നിലും വിശ്വസിപ്പിൻ (യോഹന്നാൻ 14 :1) എന്നു യേശു ഇന്നും നമ്മോട് പറയുന്നു. നമ്മുടെ മുമ്പിലുള്ള പ്രതിസന്ധികളെ മറികടക്കുവാനുള്ള മാർഗം ദൈവത്തിലുള്ള വിശ്വാസം തന്നെയാണ്. ദൈവത്താൽ ഒരു കാര്യവും അസാധ്യമല്ലല്ലോ!

നമുക്കുള്ള വാഗ്ദത്തം തടയുവാൻ പിശാചിന് കഴിയില്ല. കാരണം കർത്താവ് തന്റെ ശ്രേഷ്ഠമായ പദ്ധതി പ്രകാരമാണ് നമ്മെ വിളിച്ച് വേർതിരിച്ചിരിക്കുന്നത്. പിശാചിന്റെ പോരാട്ടത്തെയും മുമ്പിൽ കാണുന്ന പ്രതിസന്ധികളെയും നോക്കി തളരരുത്. പിശാച് നിന്നെ നോക്കി നിന്റെ വിശ്വാസത്തെയും, ആരാധനയെയും പരിഹസിക്കും! എന്നാൽ ശത്രുവിന്റെ മുമ്പാകെ മേശ ഒരുക്കുന്ന കർത്താവ് നിന്നോട് കൂടെയുണ്ട്. ദൈവത്തോട് പറ്റിനിന്നാൽ, ദൈവത്തിന്റെ ആലോചനയ്ക്കായി കാതോർത്താൽ, സംശയിക്കാതെ ദൈവത്തെ അനുസരിച്ചാൽ, നിശ്ചയമായും നീ ദൈവമഹത്വം കാണും. പ്രതിബന്ധമായി നിൽക്കുന്ന ഏതു വന്മതിലും വീഴും. ദൈവം നിന്നെ ലക്ഷ്യത്തിലെത്തിക്കും. യെരീഹോ നൽകുന്ന സന്ദേശം ഇതാണ്.

നമ്മുടെ വേദഭാഗത്ത് പ്രതിപാദിച്ചിരിക്കുന്ന കുരുടനെ നോക്കുക. പുറമേ ഒരു കുരുടൻ എങ്കിലും അകക്കണ്ണുകൾ തുറന്നവനാണ്. യെരീഹോവിലെത്തി കടന്നുപോകുവാൻ ഒരുങ്ങുന്ന യേശുവിനെ അവൻ തിരിച്ചറിഞ്ഞു. സാക്ഷാൽ ദാവീദ്പുത്രനായ മശിഹ! അവനുണ്ടായ ആഹ്ലാദം! ഇത് എന്റെ സമയമാണ്. അവന്റെ മനസ് മന്ത്രിച്ചു. എനിക്ക് കാഴ്ച പ്രാപിക്കുവാൻ കൈവന്ന അനർഘ നിമിഷങ്ങൾ! ഈ അവസരം നഷ്ടപ്പെടുത്തിക്കൂടാ. ഇപ്പോൾ യേശുവിനെ നോക്കി നിലവിളിച്ചാൽ എന്റെ അവസ്ഥ മാറും എന്നവൻ തിരിച്ചറിഞ്ഞു. പിന്നെ താമസിച്ചില്ല, ദാവീദ്പുത്രാ... യേശുവേ... എന്നോട് കരുണ തോന്നേണമേ... അവൻ നിലവിളിച്ചു. മനുഷ്യമതിൽ അവനും ഒരു പ്രശ്നമായി. മിണ്ടരുത്, പലരും അവനെ ശാസിച്ചു. വിലക്കുകളും

വിലങ്ങുകളും എല്ലാം വിശ്വാസിക്ക് എന്നും എതിരായിട്ടുണ്ട്. പക്ഷേ വിശ്വാസത്തിൽ ഒരു പൂർണ്ണനിശ്ചയം ഉണ്ട്. സാഹചര്യങ്ങൾ പ്രതികൂലമാകാം...ആളുകൾ എതിരാകാം. അവർ നിന്നെ പരിഹസിക്കാം, തർജ്ജനം ചെയ്യാം. എന്നാൽ മനസ്സിലിവുള്ള യേശു നിനക്ക് അനുകൂലമായിട്ടുണ്ട്. ബർത്തിമായി നിലവിളി നിർത്തിയില്ല. അവൻ ഏറ്റവും അധികം നിലവിളിച്ചു.

എന്താണ് നിങ്ങളുടെ തീരുമാനം? തടസ്സങ്ങൾ കണ്ടു പിന്മാറുകയാണോ? ആരും കൂടെയില്ല എന്ന് പറഞ്ഞ് പതറുന്നുവോ? അരുത്, പ്രാർത്ഥിക്കുക. ഇനിയും അധികം പ്രാർത്ഥിക്കുക. യേശു ഉത്തരം തരും എന്നതിൽ സംശയമില്ല. ബർത്തിമായിക്കായി യേശു നിന്നു. ഞാൻ നിനക്ക് എന്ത് ചെയ്തു തരേണമെന്ന് നീ ഇച്ഛിക്കുന്നു. യേശു അവനോട് ചോദിച്ചു. എനിക്ക് കാഴ്ച പ്രാപിക്കണം. അവന്റെ മറുപടി ദൃഢനിശ്ചയത്തോടു കൂടി ആയിരുന്നു. അവന് പണമോ മറ്റു സഹായങ്ങളോ ആയിരുന്നില്ല മറിച്ച് കാഴ്ചയായിരുന്നു വേണ്ടത്. ഇതുവരെ സംഭവിക്കാത്ത ഒരത്ഭുതം! അതെ, യേശുവിന് അത് ചെയ്യുവാൻ കഴിയും. കാരണം അവിടുന്ന് അഖിലാണ്ഡത്തിന്റെ സ്രഷ്ടാവാണ്.

നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. യേശു അവനു ഉത്തരം നൽകിയ മാത്രയിൽ അവൻ കാഴ്ച പ്രാപിച്ച് യാത്രയിൽ യേശുവിനെ അനുഗമിച്ചു. അസാധ്യം സാധ്യമായി. യെരീഹോ അവന് പുതിയ ഒരു അനുഭവമായി. യാചകനെന്ന നിന്ദ മാറി അവൻ മാന്യനായി. യേശുവിനെ അനുഗമിക്കുക എന്നത് അവനു ശ്രേഷ്ഠപദവിയായി!

ഈ ചിന്തകൾ നമുക്ക് ഒരു പുതിയ അനുഭവം പ്രാപിക്കുവാൻ കാരണമാകട്ടെ. നമുക്കു മുമ്പിലുള്ള മതിൽക്കെട്ടുകളെ മറി കടക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. യേശുവിൽ വിശ്വസിച്ചു പ്രാർത്ഥിച്ചാൽ മറുപടി സുനിശ്ചിതമാണ്. കാഴ്ച പ്രാപിച്ച് യേശുവിനെ അനുഗമിക്കുന്ന സൗഭാഗ്യം നിങ്ങൾക്കുണ്ടാകട്ടെ! ആമേൻ! •

# ഞാൻ ഇത് എന്തിനു ചുമക്കുന്നു?

**പ**ർവ്വതാരോഹണം പരിശീലിച്ചുകൊണ്ടിരുന്ന ഒരു യുവതിയുടെ കോൺടാക്റ്റ് ലെൻസ് പരിശീലനത്തിനിടെ ഒരു കയറിന്റെ അഗ്രം തട്ടി തെറിച്ചു പോയി. കയറിൽ തൂങ്ങി ഒരു വലിയ പാറയുടെ മുകളിലേയ്ക്കു കയറിക്കൊണ്ടിരുന്ന അവൾക്ക് താഴെ വീണ ലെൻസ് കണ്ടെത്തുന്നത് ചിന്തിക്കാൻ പോലും പറ്റാത്ത കാര്യമായിരുന്നു. ഒരുവിധം പാറയുടെ മുകളിലെത്തിയ അവൾ കരഞ്ഞുകൊണ്ടു ദൈവത്തോടു പറഞ്ഞു, ദൈവമേ ഞാൻ വീട്ടിൽ നിന്നും വളരെ ദൂരെയാണ്. ഇനി മടങ്ങി എത്തി മറ്റൊരു ലെൻസ് വാങ്ങുന്നതുവരെ മങ്ങിയ കാഴ്ചയുമായി എങ്ങനെ പരിശീലനം തുടരും. അങ്ങ് ലോകത്തിലെ ഏറ്റവും വലിയതും ചെറിയതുമായ സകലവും കാണുന്നവനാണല്ലോ. എന്റെ കോൺടാക്റ്റ് ലെൻസ് എവിടെയാണെന്ന് അങ്ങേയ്ക്കു കൃത്യമായി അറിയാം എന്നെനിക്കറിയാം. അവർ താഴെയിറങ്ങുമ്പോൾ അതേ പാറക്കെട്ടിൽ കയറാനുള്ള അടുത്ത സംഘം പാറയുടെ ചുവട്ടിൽ തയ്യാറാകുകയായിരുന്നു. അവരിലൊരാൾ പാറയിലേയ്ക്കു വളരെ സൂക്ഷ്മമായി ശ്രദ്ധിച്ചു നോക്കിയിട്ടു വിളിച്ചു ചോദിച്ചു. ആരുടെയെങ്കിലും ഒരു കോൺടാക്റ്റ് ലെൻസ് നഷ്ടപ്പെട്ടിട്ടുണ്ടോ? അവൾ ഓടി എത്തിയപ്പോൾ അയാൾ വിരൽ ചൂണ്ടി കാണിച്ചു. ഒരു കൊച്ചുറുമ്പ് കോൺടാക്റ്റ് ലെൻസുമായി വിഷമിച്ചു പാറ കയറുന്നു. വീട്ടിലെത്തി സംഭവം വിവരിച്ചപ്പോൾ ചിത്രകാരനായ അവളുടെ പിതാവ് ഒരു ഉറുമ്പ് കോൺടാക്റ്റ് ലെൻസുമായി വിഷമിച്ചു കയറുന്ന ഒരു ചിത്രം വരച്ചു. അടിക്കുറിപ്പായി, ഉറുമ്പു പറയുന്നു എന്ന രീതിയിൽ ഇങ്ങനെ എഴുതി. 'ദൈവമേ തിന്നാൻപോലും കൊള്ളാത്ത ഈ സാധനം ചുമക്കുന്നത് എന്തിനെന്ന് എനിക്കറിയില്ല. നീ പറഞ്ഞു – ഞാൻ ചുമക്കുന്നു'.



***എന്തിനെന്നറിയാതെ നാം വഹിക്കുന്ന പല ചുമതലകളും മറ്റുചിലരുടെ പ്രാർഥനയുടെ മറുപടി ആയിരിക്കും. സന്തോഷത്തോടെ ചുമക്കുക.***





എൽസി ജോയ്

# ചില നല്ല തീരുമാനങ്ങൾ

പുതുവർഷത്തിൽ തീരുമാനങ്ങൾ പുതുക്കുന്നതും പുതിയ തീരുമാനങ്ങൾ എടുക്കുന്നതും പതിവാണല്ലോ. അത് ഒരു പതിവുരീതി മാത്രമായാൽ വെറും പാഴ്‌വേല ആയിത്തീരും. തികഞ്ഞ ആത്മാർത്ഥത അതിനോട് കാണിക്കുവാൻ കഴിഞ്ഞാൽ അത് പ്രയോജനകരമാകും. ചില നല്ല തീരുമാനങ്ങൾ എടുക്കുവാൻ ആത്മാർത്ഥതയോടെ നാം തയ്യാറാകുന്നു എങ്കിൽ അത് വളരെ നല്ലതായിരിക്കും.

**1. സംസാരത്തിൽ സൂക്ഷ്മത പാലിക്കും:**

ഇപ്രകാരം ഒരു തീരുമാനം ആരൊക്കെ എടുക്കുമോ അവർക്ക് അത് ഏറെ ഗുണം ചെയ്യും. രാജാവായിരുന്ന ദാവീദ് അപ്രകാരം ഒരു തീരുമാനമെടുത്തിരുന്നു എന്നു തിരുവചനത്തിൽ നാം കാണുന്നു. 'നാവുകൊണ്ട് പാപം ചെയ്യാതിരിക്കാൻ ഞാൻ എന്റെ വഴികളെ സൂക്ഷിക്കുമെന്നും, ദുഷ്ടൻ എന്റെ മുമ്പിൽ ഇരിക്കുമ്പോൾ എന്റെ വായ് കടിഞ്ഞാണിട്ട് കാക്കും എന്നും ഞാൻ പറഞ്ഞു (സങ്കീർത്തനം 39: 1). നാവുകൊണ്ട് പാപം ചെയ്യില്ല എന്ന ദാവീദിന്റെ തീരുമാനം എത്ര ഉത്തമമായിരുന്നു. ദൈവഭയം ഇല്ലാത്തവർ അഥവാ ദുഷ്ടന്മാർ തനിക്ക് ചുറ്റുമുള്ളപ്പോൾ നാവിനെ അടക്കിസൂക്ഷിക്കും എന്നാണ് ദാവീദ് തീരുമാനിച്ചത്. ദൈവഭക്തിയോടെ ജീവിക്കുവാൻ ആഗ്രഹിക്കുന്ന ഓരോരുത്തരും എടുക്കേണ്ട അതിപ്രധാനമായ ഒരു തീരുമാനമാണ് ഇത്.

മറ്റൊരു വ്യക്തിയുടെ തരംതാണ സംസാരത്തിൽ മുറിവേറ്റ്, മനോവേദന അനുഭവിക്കുന്ന ഒരു സഹോദരിയുമായി സംസാരിക്കുവാൻ ഇടയായി. വിടുവായ്ത്തരം പറയുന്നത് ചിലർക്ക് ശീലമായിപ്പോയി. തരംതാണ നിലയിൽ സംസാരിക്കുവാൻ അവർക്ക് കഴിയും. യാതൊരു കുറ്റബോധവും കൂടാതെ പ്രാർത്ഥിക്കുവാനും ഉപവസിക്കുവാനും ഇക്കൂട്ടർക്ക് കഴിയും എന്നത് വളരെ അത്ഭുതം തന്നെ! നാവിനെയോ മനുഷ്യർക്കാർക്കും മെരുക്കാവതല്ല, അത് അടങ്ങാത്ത ദോഷം, മരണകരമായ വിഷം നിറഞ്ഞത്. അതിനാൽ നാം കർത്താവും പിതാവുമായവനെ സ്തുതിക്കുന്നു, ദൈവത്തിന്റെ സാദൃശ്യത്തിൽ ഉണ്ടായ മനുഷ്യരെ അതിനാൽ ശപിക്കുന്നു. ഒരു വായിൽ നിന്നു തന്നെ സ്തോത്രവും ശാപവും പുറപ്പെടുന്നു. സഹോദരന്മാരെ, ഇങ്ങനെ ആയിരിക്കുന്നത് യോഗ്യമല്ല. ഉറവിന്റെ ഒരേ ദ്വാരത്തിൽ നിന്ന് മധുരവും കൈപ്പമുള്ള വെള്ളം പുറപ്പെട്ടു വരുമോ? സഹോദരന്മാരെ, അത്തിവൃക്ഷം ഒലിവ് പഴവും മുന്തിരിവള്ളി അത്തിപ്പഴവും കായിക്കുമോ? ഉപ്പുറവയിൽ നിന്ന് മധുരമുള്ള വെള്ളം പുറപ്പെടുകയും ഇല്ല (യാക്കോബ് 3:8 – 12)എന്നത് എത്രയോ വാസ്തവമാണ്. 'എന്നാൽ മനുഷ്യർ പറയുന്ന ഏത് നിസ്സാരവാക്കിനും ന്യായവിധി ദിവസത്തിൽ കണക്ക് ബോധിപ്പിക്കേണ്ടി വരും (മത്തായി 12:36) എന്ന മുന്നറിയിപ്പ് വളരെ ഗൗരവമായി എടുക്കേണ്ടതാണല്ലോ.

**2. വാക്കിലും പെരുമാറ്റത്തിലും മാന്യത പുലർത്തും:**

നമ്മുടെ ദൈവം വിശുദ്ധിയിൽ തികഞ്ഞവനാണ് എന്ന് നമുക്ക് അറിയാമല്ലോ. വിശുദ്ധനായ ദൈവത്തിന്റെ മക്കളായ നമുക്ക് വിശുദ്ധിയുടെ ഒരു സ്റ്റാൻഡേർഡ് ഉണ്ടായിരിക്കണമല്ലോ. അത് പുറമേയുള്ള കപടനാട്യം അല്ല, അകത്തുനിന്ന് പുറത്ത് വെളിപ്പെടുന്ന സ്വഭാവഗുണമായിരിക്കണം.

നമ്മുടെ പെരുമാറ്റവും സംസാരവും എങ്ങനെയായിരിക്കണം എന്നതിന് വചനത്തിൽ ധാരാളം സദുപദേശം നൽകിയിട്ടുണ്ട്. ദൈവവചനം വായിക്കുമ്പോൾ അങ്ങനെയുള്ള ഉപദേശങ്ങൾ അടിവരയിട്ട് ശ്രദ്ധിക്കുന്നത് ഗുണം ചെയ്യും. ഉദാഹരണമായി അപ്പോസ്തലനായ പൗലോസിന്റെ വാക്കുകൾ ശ്രദ്ധിക്കുക 'സമയം തക്കത്തിൽ ഉപയോഗിച്ചുകൊണ്ട് പുറത്തുള്ളവരോട് ജ്ഞാനത്തോടെ പെരുമാറുകയും, ഓരോരുത്തനോട് നിങ്ങൾ എങ്ങനെ ഉത്തരം പറയണം എന്ന് അറിയേണ്ടതിന് നിങ്ങളുടെ വാക്ക് എപ്പോഴും കൃപയോട് കൂടിയതും, ഉപ്പിനാൽ രുചി വരുത്തിയതും ആയിരിക്കട്ടെ' (കൊലോസ്യർ 4:5,6)

നാം ജീവിക്കുന്നത് അവിശ്വാസികളുടെ നടുവിൽ ആണെന്നുള്ളത് ബോധപൂർവ്വം ഓർക്കേണ്ട വസ്തുതയാണ്. അവർ നമ്മുടെ സംസാരവും പെരുമാറ്റവും ശ്രദ്ധിക്കുന്നു. നമ്മുടെ പെരുമാറ്റം ഹൃദ്യമായിരിക്കട്ടെ. വാക്കുകളിൽ കൃപ വ്യാപരിക്കട്ടെ. മുറിപ്പെടുത്തുന്ന വാക്കുകളല്ല, പ്രത്യുത മുറിവുകൾ ഉണക്കുവാൻ നമ്മുടെ വാക്കുകൾ ഉപകരിക്കട്ടെ. നിരാശപ്പെടുത്തുന്ന വാക്കുകൾ അല്ല, പ്രത്യുത പ്രത്യാശ നൽകുവാനും ഉത്സാഹം പകരുവാനും ശക്തിയുള്ളവ ആകട്ടെ. കർത്താവിന്റെ സാക്ഷികൾ ആകുന്നതിനും നല്ല മാതൃക നൽകുന്നതിനും നമുക്ക് ലഭിക്കുന്ന അവസരങ്ങൾ പ്രയോജനപ്പെടുത്താം.

**3. വാക്ക് പാലിക്കും:**

നമ്മുടെ സംസാരത്തിൽ സത്യസന്ധത (Integrity) ഉണ്ടായിരിക്കും എന്ന് തീരുമാനിക്കാം. പറയുന്ന കാര്യങ്ങൾ ചിന്തിച്ച് ആലോചിച്ച് പറയണം. യാക്കോബ് നൽകുന്ന ഉപദേശം വളരെ വിലപ്പെട്ടതാണ്. 'എന്നാൽ ഏതു മനുഷ്യനും കേൾപ്പാൻ വേഗതയും, പറയുവാൻ താമസവും, കോപത്തിന് താമസവും ഉള്ളവൻ ആയിരിക്കട്ടെ' (യാക്കോബ് 1: 19). വികാരാധീനരായുള്ള സംസാരം നിയന്ത്രിക്കണം, ജ്ഞാനത്തോടെ സംസാരിക്കണം. നിങ്ങളുടെ വാക്ക് ഉവ്വ് എന്നും, ഇല്ല എന്നും ആയിരിക്കട്ടെ. ഇതിൽ അധികം ആയത് ദുഷ്ടനിൽ നിന്ന് വരുന്നു (മത്തായി 5 :37) എന്ന് കർത്താവ് നമ്മോടു കൽപ്പിച്ചിരിക്കുന്നു. നാം വാക്കുകളിൽ സത്യസന്ധരായിരിക്കുന്നതാണ് ദൈവത്തിന് പ്രസാദം. അങ്ങനെയുള്ളവരെ വിശ്വസിക്കുവാൻ മറ്റുള്ളവർക്ക് കഴിയും.

**4. പരിധി സൂക്ഷിക്കും:**

ഓരോരുത്തർക്കും അവരവരുടേതായ സ്വകാര്യതയുണ്ട്. സ്വകാര്യദു:ഖങ്ങളും പ്രശ്നങ്ങളും ഒക്കെ അതിൽ ഉൾപ്പെടും. തങ്ങളെ മനസ്സിലാക്കി പ്രാർത്ഥിക്കുകയും തങ്ങളുടെ അഭ്യുദയകാംക്ഷികൾ എന്ന വിശ്വാസം ആർജിച്ചവരോട് മാത്രമായിരിക്കും സ്വകാര്യദു:ഖങ്ങളും പ്രശ്നങ്ങളും പങ്കിടുന്നത്. ചികഞ്ഞും കിഴിഞ്ഞും കാര്യങ്ങൾ അന്വേഷിക്കുകയും മറ്റുള്ളവരുടെ സ്വകാര്യതയിൽ കടന്നുകയറുകയും ചെയ്തു സംസാരിക്കുന്നവരെ മറ്റുള്ളവർ ഭയപ്പെടുന്നു എന്നതാണ് പരമാർത്ഥം. അങ്ങനെയുള്ളവരെ സുഹൃത്ബന്ധത്തിൽ നിന്നും ഒഴിവാക്കാൻ ആയിരിക്കും സാധ്യത. സംസാരത്തിൽ പരിധി സൂക്ഷിക്കുവാൻ നമുക്ക് തീരുമാനം ഉണ്ടായിരിക്കണം. സംസാരിക്കേണ്ടത് മാത്രം സംസാരിക്കുകയും അറിയുവാൻ ആവശ്യമുള്ളത് മാത്രം അറിയുവാനും ആഗ്രഹിക്കുക. പരദൂഷണത്തിൽ ഒരിക്കലും പങ്കുചേരരുത്. മറ്റുള്ളവരെ വിധിക്കുന്ന സംസാരരീതി ഒഴിവാക്കണം. പൗലോസിന്റെ പ്രബോധനം ശ്രദ്ധിക്കുക: ഞങ്ങൾ നിങ്ങളോട് ആജ്ഞാപിച്ചത് പോലെ അടങ്ങിപ്പാർപ്പാനും സ്വന്തകാര്യം നോക്കുവാനും സ്വന്ത കൈകൊണ്ട് വേല ചെയ്യുവാനും അഭിമാനം തോന്നേണം എന്ന് നിങ്ങളെ പ്രബോധിപ്പിക്കുന്നു (1 തെസ്സലോനിക്കർ 4: 12).

ശാന്തമായ ഒരു ജീവിതം ലക്ഷ്യമാക്കിക്കൊണ്ട് സ്വന്തകാര്യത്തിൽ ശ്രദ്ധ പതിപ്പിച്ച്, സ്വന്തകൈകൊണ്ടു വേല ചെയ്തു മാതൃകയോട് ജീവിക്കുവാൻ ആണ് പൗലോസ് ഉപദേശിക്കുന്നത്. മറ്റുള്ളവരുടെ കാര്യത്തിൽ അനാവശ്യമായി ഇടപെടുന്നതും അഭിപ്രായം പറയുന്നതും ആർക്കും യോഗ്യമല്ല. സംഭാഷണങ്ങളിൽ അതിർ സൂക്ഷിക്കുന്നവരെ മറ്റുള്ളവർ ബഹുമാനിക്കും. പുതുവർഷത്തിൽ ഈ ചിന്തകൾ നമുക്ക് ഓരോരുത്തർക്കും ഉപകാരപ്രദമാകട്ടെ. ●

**മുറിപ്പെടുത്തുന്ന വാക്കുകളല്ല, പ്രത്യുത മുറിവുകൾ ഉണക്കുവാൻ നമ്മുടെ വാക്കുകൾ ഉപകരിക്കട്ടെ. നിരാശപ്പെടുത്തുന്ന വാക്കുകൾ അല്ല, പ്രത്യുത പ്രത്യാശ നൽകുവാനും ഉത്സാഹം പകരുവാനും ശക്തിയുള്ളവ ആകട്ടെ.**



## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

# കുട്ടികളെ അവഗണിക്കരുത്...

*യേശു കൈവച്ചു പ്രാർത്ഥിക്കേണ്ടതിനു ചിലർ ശിശുക്കളെ തന്റെ അടുക്കൽ കൊണ്ടുവന്നു; ശിഷ്യന്മാർ അവരെ വിലക്കി. യേശുവോ: ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ; അവരെ തടുക്കരുത്; സ്വർഗരാജ്യം ഇങ്ങനെയുള്ളവരുടേതല്ലോ എന്നു പറഞ്ഞു. അങ്ങനെ അവൻ അവരുടെമേൽ കൈവച്ചു, പിന്നെ അവിടെനിന്നു യാത്രയായി (മത്തായി 19: 13 - 15)*

യേശുവിന്റെ അടുക്കൽ കുട്ടികളെ കൂട്ടിക്കൊണ്ടുവന്ന മാതാപിതാക്കൾ നമുക്ക് നല്ല ഒരു മാതൃക ആണ്. നമ്മുടെ കുട്ടികളെ, കൊച്ചുമക്കളെ, യേശുവിന്റെ അടുക്കലേക്ക് കൂട്ടിക്കൊണ്ട് ചെല്ലണം. അതിന് എത്രമാത്രം ഉത്സാഹം നമുക്കുണ്ടെന്ന് ഓരോരുത്തരും സ്വയം പരിശോധിക്കേണ്ടത് ആവശ്യമാണ്. മാതാപിതാക്കളുടെ ഉത്തരവാദിത്തങ്ങളിൽ ഏറ്റവും വലുതായി കാണേണ്ടത് അത് തന്നെയാണ്. യേശുവിനെ കുട്ടികൾ ചെറുപ്രായത്തിൽ തന്നെ മനസ്സിലാക്കുകയും യേശുവിന്റെ സ്നേഹം ഗ്രഹിച്ച് ക്രിസ്തുവിനെ സ്നേഹിച്ച് തുടങ്ങുകയും ചെയ്താൽ അവർ വഴിതെറ്റി നഷ്ടപ്പെട്ടു പോകുവാൻ സാധ്യത കുറവാണ്.

ഏറ്റവും ചെറുപ്രായത്തിലാണ് കുട്ടികളെ യേശുവിന്റെ അടുക്കൽ കൂട്ടിക്കൊണ്ടു വരുവാൻ എളുപ്പം. ‘എന്നെ എടുക്ക്’ എന്നുപറഞ്ഞ് അവർ കൈ ഉയർത്തി നാം എടുക്കുവാൻ ആഗ്രഹിച്ചു നിൽക്കുന്ന ഒരു സമയമുണ്ട്. നമ്മുടെ തോളിൽ ഇരിക്കുവാൻ, നാം അവരെ എടുത്തുകൊണ്ട് നടക്കുവാൻ ഇഷ്ടപ്പെടുന്ന സമയങ്ങൾ! ആ കുഞ്ഞുഹൃദയം അപ്പോൾ ഒന്നും എഴുതിയിട്ടില്ലാത്ത കടലാസ് (ബ്ലാങ്ക്പേപ്പർ) പോലെയാണ്. അപ്പോൾ നാം അവരെ ആശ്ലേഷിച്ച് മടിയിൽ ഇരുത്തി യേശുവിനെക്കുറിച്ച്, അവർ നടക്കേണ്ട വഴികൾ പറഞ്ഞുകൊടുത്താൽ, അവരുടെ ഹൃദയത്തിൽ അത് എഴുതപ്പെടും. മറ്റാർക്കും മായിച്ച് കളയുവാൻ ബുദ്ധിമുട്ടായിരിക്കും അത്. ‘ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക, അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല’ (സദൃശ്യവാക്യങ്ങൾ 22: 6)

കുട്ടികൾ നമ്മുടെ സ്നേഹവും സാന്നിധ്യവും ആഗ്രഹിക്കുന്ന പ്രായം പിന്നിട്ടാൽ കൂട്ടുകാരും ഒത്ത് അവർ അവരുടേതായ ലോകത്തിലേക്ക് പറന്നുപോകും. പിന്നീട് അവരെ ഉപദേശിക്കുവാനും കർത്താവിങ്കലേക്ക് നടത്തുവാനും ബുദ്ധിമുട്ടായിരിക്കും. അതുകൊണ്ട് അവർ ഏറ്റവും ചെറുതായിരിക്കുമ്പോൾ അവരെ കർത്താവിന്റെ അടുക്കലേക്ക് നയിക്കുക.

അന്ന് കർത്താവിനെ ശരീരത്തിൽ, അവർക്ക് കാണുവാനും സംസാരിക്കുവാനും സ്പർശിക്കുവാനും കഴിയുന്ന നിലയിൽ ആയിരുന്നതുകൊണ്ട് അവരുടെ കുട്ടികളെ കർത്താവിന്റെ അടുക്കൽകൊണ്ടുവരുന്നത് കുറെക്കൂടി പ്രായോഗികമായിരുന്നു എന്ന് ചിന്തിക്കുവാൻ സാധ്യതയുണ്ട്. ഇന്ന് കർത്താവ് ആത്മാവിൽ നമുക്കൊപ്പം എല്ലായിടത്തും ഉണ്ടെന്ന് നാം അറിയുന്നവല്ലോ. വാസ്തവത്തിൽ നമ്മുടെ കുട്ടികളെ കർത്താവിങ്കലേക്കു നയിക്കുവാൻ ഇന്ന് കുറേക്കൂടി എളുപ്പമല്ലേ? അവർക്കിഷ്ടമുള്ള പാട്ടുകൾ, ബൈബിൾ സംഭവങ്ങൾ ദൃശ്യമാധ്യമങ്ങൾ ഉപയോഗിച്ച് കർത്താവിനെക്കുറിച്ച് പറഞ്ഞുകൊടുക്കുവാൻ ശ്രമിക്കുമ്പോൾ നാം അവരെ കർത്താവിങ്കലേക്ക് നയിക്കുകയാണ്.

നമ്മുടെ ആത്മീയ അനുഭവങ്ങൾ, കർത്താവിനെ നാം അനുഭവിച്ചറിഞ്ഞതും, നമ്മുടെ വിശ്വാസം വർധിച്ചതുമായ അനുഭവങ്ങൾ, അവരോട് പറയുമ്പോൾ അത് അവർക്ക് കർത്താവിനെ മനസ്സിലാക്കുവാനും കർത്താവിൽ വിശ്വസിക്കുവാനും സഹായമാകും. നമ്മിൽ ജീവിക്കുന്ന, നമ്മോട് കൂടി എപ്പോഴും ഉള്ള, കർത്താവിനെയാണ് ഇന്ന് നാം അവർക്ക് കാണിച്ചു കൊടുക്കേണ്ടത്.

യേശു അനുഗ്രഹിക്കുന്നതിന്റെ വിലയും, അത് തങ്ങളുടെ മക്കൾക്ക് എത്ര പ്രയോജനവും ആയിരിക്കും എന്ന തിരിച്ചറിവല്ലേ ആ മാതാപിതാക്കൾ അവരുടെ കുട്ടികളെ യേശുവിന്റെ അടുക്കൽ കൂട്ടിക്കൊണ്ടു വരുവാൻ കാരണം? നമ്മിൽ എത്ര പേർ ഈ സത്യം തിരിച്ചറിയുന്നു? സ്കൂളിൽ വിടുന്നതിന്റെയും ട്യൂഷൻ ക്ലാസുകൾക്കും എൻട്രൻസ് കോച്ചിങ്ങിനും വിടുന്നതിന്റെയും പ്രാധാന്യം നമുക്കറിയാം. പോഷകാഹാരം നൽകുന്നതിന്റെയും രോഗം വരുമ്പോൾ ഉത്തമ ചികിത്സ നൽകുന്നതിന്റെയും പ്രാധാന്യം നമുക്ക് നന്നായിട്ട് അറിയാം. എന്നാൽ ഇതിനേക്കാൾ എല്ലാം പ്രധാനപ്പെട്ടതാണ് യേശുവിന്റെ അടുക്കൽ അവനെ കൂട്ടിക്കൊണ്ടുവരുന്നത് എന്ന് നാം തിരിച്ചറിയുന്നവോ? നാം അറിയാതെ തന്നെ ആത്മീയകാര്യങ്ങളെ അവഗണിക്കുകയാണോ? അതുകൊണ്ടാണോ വളർന്നുവരുന്ന തലമുറയ്ക്ക് ആത്മീയദർശനം ഇല്ലാതാകുന്നത്? നമ്മുടെ ഈ മനോഭാവത്തിന് ഒരു മാറ്റം വളരെ അത്യാവശ്യമല്ലേ?

'എന്റെ മക്കൾ സത്യത്തിൽ നടക്കുന്നു എന്ന് കേൾക്കുന്നതിനേക്കാൾ വലിയ സന്തോഷം എനിക്കില്ല'(3 യോഹന്നാൻ 1:4). ഇത് വൃദ്ധനായ ഒരു ആത്മീയപിതാവിന്റെ വാക്കുകളാണ്. സഭയിലെ വിശ്വാസികൾ എല്ലാം സത്യത്തിൽ നടക്കണം. ദൈവഭയമുള്ള ഏതു പിതാവും മാതാവും അവരുടെ മക്കളെക്കുറിച്ച് ഇങ്ങനെ മാത്രമല്ലേ ആഗ്രഹിക്കുക? 'എന്റെ മക്കൾ സത്യത്തിൽ നടക്കണം'. അതിന് നാം ചെയ്യേണ്ടത് അവർ കുഞ്ഞുങ്ങൾ ആയിരിക്കുമ്പോൾ അവരെ യേശുവിന്റെ അടുക്കലേക്ക് നടത്തുക എന്നതാണ്. യേശുവിനോട് ആത്മബന്ധം ഉള്ളവരായി നമ്മുടെ മക്കൾ വളരട്ടെ.

ശിശുക്കളെ യേശുവിന്റെ അടുക്കലേക്ക് കൂട്ടിക്കൊണ്ടു വന്ന മാതാപിതാക്കളെ ശിഷ്യന്മാർ തടയുന്നതായി നാം കാണുന്നു. യേശുവിന്റെ ശിഷ്യന്മാർക്ക് പറ്റിയ വലിയ ഒരു അബദ്ധം. ഈ അബദ്ധം ഇന്നും വാസ്തവത്തിൽ ആവർത്തി

**നാം അറിയാതെ തന്നെ ആത്മീയകാര്യങ്ങളെ അവഗണിക്കുകയാണോ? അതുകൊണ്ടാണോ വളർന്നുവരുന്ന തലമുറയ്ക്ക് ആത്മീയദർശനം ഇല്ലാതാകുന്നത്? നമ്മുടെ ഈ മനോഭാവത്തിന് ഒരു മാറ്റം വളരെ അത്യാവശ്യമല്ലേ?**

ക്കപ്പെട്ടു കൊണ്ടിരിക്കുന്നു. യേശുവിനെ ശല്യപ്പെടുത്തുന്നു എന്നതാണ് ശിഷ്യന്മാർ കണ്ട കാരണം. മനുഷ്യചിന്തയിൽ അത് ശരിയായി അവർക്ക് തോന്നി. ഇന്നും കുട്ടികൾ ശല്യം ആകാതിരിക്കുവാൻ അവരെ ഒഴിച്ച് നിർത്തുന്ന പ്രവണത കാണുവാൻ കഴിയും. ശിശുക്കളെ പ്രാർത്ഥനാമീറ്റിങ്ങുകളിൽ നിന്ന് ഒഴിവാക്കുകയും അവരെ കൊണ്ടുവരുവാൻ പറ്റാത്തതിനാൽ മാതാപിതാക്കളും മീറ്റിങ്ങുകൾ ഒഴിവാക്കുന്നത് കാണാറില്ലേ? ശിശുക്കളെ അവഗണിക്കുവാൻ പാടില്ല!

ശിശുക്കളെ തന്റെ അടുക്കൽ കൊണ്ടുവന്നവരെ തടയുന്ന ശിഷ്യന്മാരുടെ പ്രവർത്തിയിൽ യേശു അതൃപ്തനായി. യേശു അത് കണ്ടാറെ മുഷിഞ്ഞു(മർക്കോസ് 10:14). ഓരോ ശിശുവിനെയും (കറുത്തതോ വെളുത്തതോ, കാഴ്ചയിൽ ഓമനത്വം ഉള്ളതോ ഇല്ലാത്തതോ, എങ്ങനെ ആയിരുന്നാലും) കർത്താവ് സ്നേഹിക്കുന്നു, വിലമതിക്കുന്നു. അവരെ തന്റെ അടുക്കൽ കൊണ്ടുവരണമെന്നും തന്റെ സ്നേഹം അവർ അനുഭവിക്കേണം എന്നും കർത്താവ് ആഗ്രഹിക്കുന്നു. കർത്താവ് ഓരോ ശിശുവിന്റെ മേലും കൈവച്ച് അനുഗ്രഹിക്കുവാൻ ആഗ്രഹിക്കുന്നു. തന്റെ ശിഷ്യന്മാരോട് യേശു അരുളിച്ചെയ്തു: 'ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടുവിൻ, അവരെ തടുക്കരുത്. സ്വർഗ്ഗരാജ്യം ഇങ്ങനെ ഉള്ളവരുടേതല്ലോ' എത്ര ഗംഭീരവും അർത്ഥവും നിറഞ്ഞതാണ് ആ വാക്കുകൾ!

ഓരോ കുട്ടിയെയും കർത്താവ് സ്വർഗ്ഗരാജ്യത്തോടുള്ള ബന്ധത്തിലാണ് കണ്ടത്. ശരിയായ കാഴ്ചപ്പാട് ഇതാണ് എന്ന് നാം മനസ്സിലാക്കണം. ഓരോ വ്യക്തിയും സ്വർഗ്ഗരാജ്യത്തിൽ കട

ക്കുക എന്നതാണ് അതിപ്രധാനം. ഓരോ ശിശുവും സ്വർഗ്ഗരാജ്യത്തിന് അവകാശം ഉള്ളവനാണ്. അത് അവർ പ്രാപിക്കേണ്ടതിന് നാം അവരെ യേശുവിങ്കലേക്ക് നയിക്കണം. യേശുവിലേക്ക് വരുന്നതിനെ തടഞ്ഞാൽ തത്വത്തിൽ സ്വർഗ്ഗരാജ്യം അവർക്ക് നാം നിഷേധിക്കുകയാണ് ചെയ്യുന്നത്. അത് എത്ര ഗൗരവമേറിയ തെറ്റാണ്!

കർത്താവിന്റെ കാഴ്ചപ്പാട് നാം ഓരോരുത്തരും പ്രാപിക്കണം. കുട്ടികളെ വിലമതിക്കുകയും സ്നേഹിക്കുകയും ചെയ്യണം. അവർക്ക് അർഹിക്കുന്ന പരിഗണനയും അംഗീകാരവും കൊടുത്ത് നമ്മോട് ചേർത്തുപിടിക്കണം. അവർ നമുക്കും ദൈവത്തിനും ദൈവസഭയ്ക്കും സമൂഹത്തിനും ഒക്കെ വിലപ്പെട്ടവർ എന്ന് മനസ്സിലാക്കി വളരണം. നമ്മിൽ ഓരോരുത്തരും അവരവരുടെ കുട്ടികളെ മാത്രമല്ല മറ്റു കുട്ടികളെയും സ്നേഹിക്കണം. അവരോട് വാത്സല്യത്തോടെ ഇടപെടണം. അവരെ കർത്താവിങ്കലേക്ക് നടത്തുന്നതിൽ ഉത്സാഹിക്കണം. ഇത് വലിയ ഒരു ശുശ്രൂഷയാണ് എന്ന് തിരിച്ചറിയണം.

ഒരിക്കൽ ഡിഎൽ മൂഡി എന്ന പ്രശസ്തനായ സുവിശേഷകൻ തന്റെ ശുശ്രൂഷയിൽ അന്ന് രണ്ടര വ്യക്തികൾ രക്ഷിക്കപ്പെട്ടു എന്നുപറഞ്ഞു എന്ന് കേട്ടിട്ടുണ്ട്. തന്റെ പ്രയോഗം മനസ്സിലാക്കുവാൻ ബുദ്ധിമുട്ടിയ ശ്രോതാക്കളോട് താൻ വിശദീകരിച്ചു. രണ്ടു കുട്ടികളും ഒരു മധ്യവയസ്കനും എന്നാണ് രണ്ടര വ്യക്തികൾ എന്നതിന്റെ അർത്ഥം. ഒരു കുട്ടി കർത്താവിനെ സ്വീകരിച്ച് ജീവിതം സമർപ്പിക്കുമ്പോൾ തന്റെ മുഴുവൻ ആയുസ്സും ആണല്ലോ കർത്താവിനായി ജീവിക്കുവാൻ ലഭിക്കുന്നത്. ഒരു കുട്ടിയെ കർത്താവിങ്കലേക്ക് നയിക്കുന്നതിന്റെ വില നാം മനസ്സിലാക്കണം.

'മക്കൾ യഹോവ തരുന്ന അവകാശവും ഉദരഫലം അവിടുന്ന് തരുന്ന പ്രതിഫലവും തന്നെ'(സങ്കീർത്തനം 127: 3) എന്ന തിരുവചനത്തിന്റെ അർത്ഥം നാം ഗ്രഹിക്കണം. കുടുംബജീവിതത്തിന്റെ അനുഗ്രഹമാണ് മക്കൾ. ഒരു അനുഗ്രഹമാണെന്ന തിരിച്ചറിവോടു കൂടിത്തന്നെ അവർ വളരണം. മാതാപിതാക്കൾ അവരെ കർത്താവിന്റെ പഥ്യ ഉപദേശത്തിൽ, ദൈവഭക്തിയിൽ വളർത്തണം. യേശുവിനോടുള്ള ആത്മബന്ധമാണ് അവരുടെ വ്യക്തിത്വവികസനത്തിന്റെ അടിത്തറ ആയിരിക്കേണ്ടത്. അങ്ങനെ വളർന്നാൽ തീർച്ചയായും അവർ ഒരു അനുഗ്രഹം ആയിരിക്കും.

കർത്താവിന്റെ അടുക്കൽ കൊണ്ടുവന്ന ഓരോ ശിശുവിന്റെയും തലയിൽ കൈവെച്ച് അനുഗ്രഹിച്ചിട്ടാണ് കർത്താവ് അവിടെ നിന്നും പോയത്. എല്ലാ കുട്ടികളെയും തുല്യമായി പരിഗണിച്ച്, അംഗീകരിച്ച കർത്താവ് നമുക്ക് മാതൃകയാണ്. കുട്ടികളോടുള്ള നമ്മുടെ മനോഭാവം ഇത്തരത്തിൽത്തന്നെ ആയിരിക്കണം. നമുക്കും അവരെ അനുഗ്രഹിക്കാം. കുട്ടികൾക്കായി അധികം പ്രാർത്ഥിക്കുവാൻ ദൈവം നമുക്ക് കൃപ നൽകട്ടെ! ●

# നിത്യ വാസസ്ഥലം

**സ്വന്തമായി വീടില്ലാത്തവരെ പാർപ്പിക്കാനായി ചില വർഷങ്ങൾക്ക് മുമ്പ് അമേരിക്കൻ സർക്കാർ നിർമിച്ച ഒരു 'സാധുമന്ദിര'ത്തിൽ മരണാസന്നയായി കഴിഞ്ഞിരുന്ന ഒരു വൃദ്ധയെ ഒരു ഡോക്ടർ സന്ദർശിച്ചു. അസൗകര്യങ്ങൾ മാത്രമുള്ള ആ ചെറുവീട്ടിൽ പരിചരിക്കാനാരുമില്ലാതെ കഴിഞ്ഞിരുന്ന ആ സ്ത്രീ ഇടവിടാതെ സ്തോത്രം പറഞ്ഞുകൊണ്ടിരുന്നത് അദ്ദേഹം ശ്രദ്ധിച്ചു. ഇത്ര അസൗകര്യങ്ങളുള്ള ഒരു വീട്ടിൽ പാർത്തുകൊണ്ട് എങ്ങനെ ദൈവത്തെ സ്തുതിക്കാൻ കഴിയുന്നു എന്നു ഡോക്ടർ അവരോടു ചോദിച്ചു. മറുപടി ഇപ്രകാരമായിരുന്നു "അതിനു പ്രയാസമൊന്നുമില്ല, എനിക്കായി പണിതിരിക്കുന്ന സ്വർഗത്തിലെ കൊട്ടാരത്തിലേക്കു മാറിത്താമസിക്കുന്നതിനെപ്പറ്റി മാത്രമാണു ഞാൻ ചിന്തിക്കുന്നത്".**

തടയിടാൻ കഴിയില്ല.

മാനുഷികമായി നോക്കിയാൽ അസാധ്യമായ ഒരു കാര്യമാണിത്. യിസ്രായേലിന്റെ എഴുപതു വർഷത്തെ പ്രവാസവും ശത്രുവിന്റെ 70 സംവത്സരങ്ങളിലെ യെരൂശലേം ഭരണവും, യെഹൂദനെ "ഇനിയൊരിക്കലും ഒരു ജാതിയാകാൻ കഴിയാതെ വണ്ണം തകർത്തുകളഞ്ഞു. യെഹൂദനു സൈന്യവുമില്ല, രാജാവുമില്ല, സമ്പത്തില്ല, സുഹൃത്തുക്കളുമില്ല... അവർക്ക് ഒരു രാഷ്ട്രീയ സ്വാതന്ത്ര്യവും മടങ്ങിവരവും ആരുടെയും – യെഹൂദന്റെപോലും മനസ്സിലില്ല! അപ്പോഴാണു ദൈവം പറയുന്നത്: ഞാൻ നിങ്ങളെ മടക്കിവരുത്തുമെന്ന്. ഈ അവകാശവാദം ആർക്കു വിശ്വസിക്കാൻ കഴിയും?

ദൈവത്തിന്റെ വാഗ്ദാനവചനങ്ങൾ കേട്ട് യിസ്രായേൽപ്പോലും പകച്ചുനിൽക്കുകയാണ്. കർത്താവ് പറഞ്ഞു: "ഭയപ്പെടേണ്ട, ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു... നീ ഇപ്പോൾ വെള്ളത്തിൽക്കൂടെ കടന്നുപോകുന്നു; എന്നാൽ നദി നിന്റെ മീതെ കവിയുകയില്ല. ബാബിലോണിന്റെ പ്രവാഹം നിന്നെ മുക്കിക്കളയുകയില്ല! നിന്നെ പീഡിപ്പിക്കുന്ന ശത്രുക്കളുടെ അഗ്നിജ്വാല നിന്നെ ദഹിപ്പിച്ചുകളയുകയില്ല... കാരണം, ഞാൻ നിന്നോടുകൂടെയിരിക്കും" (യെശയ്യാവ് 43:2).

ഈ പ്രതിസന്ധികളിൽ ദൈവം അവരോടുകൂടെയില്ല എന്നായിരുന്നു അവരുടെ ചിന്ത. എന്നാൽ ദൈവം പറയുന്നു: അതു ശരിയല്ല! "നീ വെള്ളത്തിൽക്കൂടി കടക്കുമ്പോൾ ഞാൻ നിന്നോടുകൂടെയിരിക്കും" (യെശയ്യാവ് 43:2). ഞാൻ കൂടെയുണ്ടെങ്കിൽ നിന്നെ തകർക്കാൻ ആർക്കും കഴിയുകയില്ല. "നിന്റെ ദൈവവും യിസ്രായേലിന്റെ പരിശുദ്ധനുമായ യഹോവ എന്ന ഞാൻ നിന്റെ രക്ഷകൻ!" (യെശയ്യാവ് 43:3). ''ഞാൻ, ഞാൻ തന്നെ യഹോവ... ഞാനല്ലാതെ ഒരു രക്ഷിതാവുമില്ല" (യെശയ്യാവ് 43: 11). "ഞാൻ അനന്യൻ – തുല്യമില്ലാത്തവൻ– തന്നെ. എന്റെ കൈയിൽനിന്നു വിടുവിക്കുന്നവൻ ആരുമില്ല. ഞാൻ പ്രവർത്തിക്കും, ആർ തടുക്കും?" (യെശയ്യാവ് 43:13).

യിസ്രായേലിനെ ബാബിലോണിന്റെ കയ്യിൽ നിന്നു വിടുവിക്കാനും അവരെ യെരൂശലേമിലേക്ക് മടക്കിക്കൊണ്ടു വരുവാനും മാനുഷികമായി ആർക്കും കഴിയുകയില്ല! ജാതികളുടെ ദൈവങ്ങളെപ്പോലെ ഒരു ദൈവത്തിനും അത് ചെയ്യാൻ കഴിയില്ല. എന്നാൽ, യഹോവ 'അതുല്യ'നാണ്. അവനതു ചെയ്യും അവനെപ്പോലെ മറ്റാരുമില്ല...കർത്താവു പറയുന്നു: "ഞാനതു ചെയ്യും; മറ്റാർക്കും അതു ചെയ്യാൻ കഴിയില്ല". ഈ അതുല്യതയാണ് യഹോവയുടെ അവകാശവാദം. എന്നാൽ ഈ അവകാശവാദം തെളിയിക്കാൻ യഹോവയ്ക്ക് "സാക്ഷി" കളെ വേണം.

ദൈവത്തിന്റെ ഭാവിവീണ്ടെടുപ്പിനെ ന്യായീകരിക്കാൻ കഴിയുന്ന സാക്ഷി ദൈവത്തിന്റെ വീണ്ടെടുപ്പ് ഭൂതകാലത്തിൽ അനുഭവിച്ചിട്ടുള്ള ഒരു ജനത മാത്രമാണ്. അതുകൊണ്ട് ദൈവം പറയുന്നു: "യിസ്രായേലേ, ഞാൻ നിങ്ങളിൽ ചെയ്യാൻപോകുന്ന വീണ്ടെടുപ്പിന്റെ പ്രവൃത്തിയെ അറിഞ്ഞ് എന്നിൽ വിശ്വസിക്കുകയും, ഞാൻ ആകുന്നു; എനിക്കു മാത്രമേ അതു ചെയ്യാൻ കഴിയൂ" (യെശയ്യാവ് 43:10) എന്നു നിങ്ങൾ ഗ്രഹിക്കുകയും ചെയ്യേണ്ടതിന് എന്റെ അവകാശവാദത്തെ തെളിയിക്കുന്ന സാക്ഷികൾ നിങ്ങൾ തന്നെയാണ്.

എന്തുകൊണ്ടാണു യിസ്രായേലിന്റെ മടങ്ങിവരവിന്റെ വാഗ്ദാനം തെളിയിക്കാൻ യിസ്രായേൽ തന്നെ സാക്ഷിയാകുന്നത്? കാരണം, യിസ്രായേലിന്റെ ഭൂതകാലചരിത്രത്തിൽ ഇതിനു തുല്യമായ ഒരു കാര്യം യഹോവതന്നെ ചെയ്തിട്ടുണ്ട്. മിസ്രയീമിൽ നാനൂറു സംവത്സരം അടിമകളായി കഴിഞ്ഞിരുന്ന ജനതയെ, യാതൊരു മാനുഷികസ്വാധീനവും കൂടാതെ, ഒരു സൈന്യത്തിന്റെ ശക്തി ഉപയോഗിക്കാതെ, ദൈവം വീണ്ടെടുത്ത് ഒരു ജനതയാക്കിയെങ്കിൽ, ആ ചരിത്രം തന്നെയാണ് ദൈവത്തിന്റെ ഭാവിപ്രവൃത്തിയുടെ വാഗ്ദാനം യാഥാർഥ്യമായിത്തീരുമെന്നതിന്റെ ഉറപ്പ്!

''യിസ്രായേലേ, നിന്നെ സൃഷ്ടിച്ചവൻ ഞാനാണ്; നിന്നെ നിർമിച്ചവൻ (രൂപപ്പെടുത്തിയവൻ – ഡിസൈൻ ചെയ്തവൻ) ഞാനാണ്; മിസ്രയീമിൽ നിന്നു നിന്നെ വീണ്ടെടുത്തവൻ ഞാനാണ്; നിന്നെ പേർചൊല്ലി വിളിച്ച് വേർതിരിച്ച് എന്റെ സ്വന്തജനമാക്കിയവൻ ഞാനാണ്" (യെശയ്യാവ് 43:1). യിസ്രായേലിന്റെ ജീവിതത്തിലെ സകല പ്രവൃത്തിയും ദൈവത്തിന്റേതാണ്. – സൃഷ്ടി, രൂപകല്പന, വീണ്ടെടുപ്പ്, വിശുദ്ധീകരണം, ഉടമ്പടി എല്ലാം ദൈവപ്രവൃത്തിയാകുന്നു.

യിസ്രായേലിന്റെ വീണ്ടെടുപ്പിന് ഒരു ബാഹ്യശക്തിയെയും ദൈവം കൂട്ടുപിടിച്ചില്ല. യിസ്രായേലിനുവേണ്ടി ദൈവം മിസ്രയീമിനെയും കൂശിനെയും സെബയെയും (കൂശിന്റെ സന്തതിയാണ് സെബ– ഉൽപ്പത്തി 10:7) തകർത്തുകളഞ്ഞു. അന്നത്തെ ഏറ്റവും വലിയ രാഷ്ട്രീയ

**...എന്റെ കുടുംബത്തിൽ ആ സമാധാനം ജനങ്ങൾ കാണണം. അപ്പോൾ എന്റെ കുടുംബം യേശുവിന്റെ സാക്ഷിയാണ്. പിശാചിന്റെ കോട്ടകളെ തകർക്കുന്ന സഭ യേശുവിന്റെ സാക്ഷിയാണ്. എന്നാൽ, അതിനു പകരം എന്റെ കുടുംബം കലഹത്തിന്റെ കൂടാവുകയും സഭയിൽ പാതാളം കോട്ടപണിയുകയും ചെയ്താലോ...?**

ശക്തി മിസ്രയീമും സാമ്പത്തിക ശക്തി എത്യോപ്യയും സെബയുമായിരുന്നു (സങ്കീർത്തനം:72:10; യെശയ്യാവ് 45:14). അതിനെയൊന്നും തിരഞ്ഞെടുക്കാതെ, ശ്രദ്ധിക്കാതെ യഹോവ അടിമകളായിരുന്ന യിസ്രായേലിനെ സ്നേഹിച്ച് വീണ്ടെടുത്തുവെങ്കിൽ (യെശയ്യാവ് 43:3) ഇനിയും യഹോവ ബാബിലോണിനെയോ പേർഷ്യയെയോ മാനിക്കാതെ യിസ്രായേലിനുവേണ്ടി തന്നെ പ്രവർത്തിക്കും (യെശയ്യാവ് 43:14). ഭൂതകാലത്ത് ഞാൻ യിസ്രായേലിനുവേണ്ടി സമുദ്രത്തിൽ വഴിയും പെരുവെള്ളത്തിൽ പാതയും ഉണ്ടാക്കിയെങ്കിൽ രഥത്തെയും കുതിരയെയും സൈന്യത്തെയും ബലത്തെയും തകർത്തെങ്കിൽ (യെശയ്യാവ് 43:15) ഇനിയും ഞാൻ അതുതന്നെ ചെയ്യും. പഴയവീണ്ടെടുപ്പിനെ കവിയുന്ന പുതിയതൊന്ന് ഞാൻ ചെയ്യും. അസാധ്യമെന്നു ലോകം ചിന്തിക്കുന്നതിനെ ദൈവം നിങ്ങളുടെ ജീവിതത്തിൽ നിർവഹിക്കാൻ പോകുന്നു. എന്താണതിന്റെ തെളിവ്? നിങ്ങളുടെ ഭൂതകാലജീവിതത്തിലെ ദൈവപ്രവൃത്തി തന്നെയാണ് അതിന്റെ തെളിവ്. എന്നിലെ ദൈവപ്രവൃത്തിയാണ് എന്റെ സാക്ഷ്യം.

യേശുവിന്റെ അവകാശവാദങ്ങൾ ശരിയാണെന്ന് ജീവിതത്തിലൂടെ തെളിയിക്കുമ്പോഴാണ് ഞാൻ യഥാർഥത്തിൽ യേശുവിന്റെ സാക്ഷിയാകുന്നത്. “ഞാൻ ലോകത്തിന്റെ വെളിച്ചമാകുന്നു” എന്ന് യേശു അവകാശവാദം മുഴക്കി. എന്റെ ജീവിതത്തിൽ യേശുവിന്റെ പ്രകാശം വിളങ്ങുമ്പോൾ ഞാൻ യേശുവിന്റെ സാക്ഷിയായി. യേശു “സമാധാനപ്രഭു” എന്നു നാം വിളിച്ചുപറഞ്ഞു. എന്റെ കുടുംബത്തിൽ ആ സമാധാനം ജനങ്ങൾ കാണണം. അപ്പോൾ എന്റെ കുടുംബം യേശുവിന്റെ സാക്ഷിയാണ്. “എന്റെ സഭ പാതാളത്തിന്റെ ഗോപുരങ്ങളെ തകർക്കും” എന്ന് യേശു പറഞ്ഞു... പിശാചിന്റെ കോട്ടകളെ തകർക്കുന്ന സഭ യേശുവിന്റെ സാക്ഷിയാണ്. എന്നാൽ, അതിനു പകരം ഞാൻ ഇരുളിൽ വസിക്കുകയും എന്റെ കുടുംബം കലഹത്തിന്റെ കൂടാവുകയും സഭയിൽ പാതാളം കോട്ടപണിയുകയും ചെയ്താലോ? മത്സ്യചികിത്സയുടെ മാഹാത്മ്യം പറഞ്ഞ് ഞാൻ ജോണിക്കുട്ടിയെ വിളിച്ചുകൊണ്ടുവരുമ്പോൾ, എന്റെ സാക്ഷി തോമസുകുട്ടി കട്ടിളക്കാലിൽ പിടിച്ചുവലിച്ച് ശ്വാസത്തിനായി പിടയുന്നതുപോലെയാണത്. കഴിഞ്ഞ കാലത്തെ വീണ്ടെടുപ്പ് വരാൻ പോകുന്ന വീണ്ടെടുപ്പിന്റെ വാഗ്ദാനത്തിനുള്ള തെളിവാണെന്നു നാം കണ്ടു. വേദപുസ്തകത്തിന്റെ സനാതന സത്യമാണത്. മിസ്രയീമിൽ നിന്ന് വീണ്ടെടുത്തവൻ ബാബിലോണിൽ നിന്നു വിടുവിക്കും. പാപത്തിൽനിന്നുള്ള വീണ്ടെടുപ്പും ഇതുപോലെ തന്നെ.

മനുഷ്യന്റെ വീണ്ടെടുപ്പ് അസാധ്യമാണെന്നായിരുന്നു കരുതിയിരുന്നത് (സങ്കീർത്തനം 49:7). എന്നാൽ, ദൈവം തന്റെ പുത്രനെ കാൽവറിക്രൂശിൽ മരിക്കാനേല്പിച്ചുകൊണ്ട്, നമ്മുടെ പാപത്തിന്റെ ശിക്ഷയിൽനിന്നു നമ്മെ വിടുവിച്ചു. പാപത്തിന്റെ ശിക്ഷയിൽ നിന്നു മാത്രമല്ല, പാപത്തിന്റെ ശക്തിയിൽനിന്ന് നമുക്ക് വിടുതൽ ആവശ്യമുണ്ട്. ദൈവം ആ ഒരു ജീവിതം നമുക്ക് വാഗ്ദാനം ചെയ്തിട്ടുണ്ട്. പാപം നമ്മിൽ കർത്തൃത്വം നടത്താത്ത ഒരു ജീവിതം (റോമർ 6: 14). തന്റെ രക്തം കൊടുത്ത് യേശു നമ്മെ പാപത്തിന്റെ ശിക്ഷയിൽനിന്നു വിടുവിച്ചെങ്കിൽ, തീർച്ചയായും കൃപയ്ക്കധീനരായ നമ്മെ പാപത്തിന്റെ ശക്തിയിൽ നിന്ന് യേശു പൂർണമായും വിടുവിക്കും.

അസാധ്യമെന്നു ലോകം ചിന്തിക്കുന്നതു സർവശക്തനായ ദൈവം എന്റെ ജീവിതത്തിൽ നിർവഹിക്കും എന്നു ഞാൻ പൂർണമായി വിശ്വസിക്കുന്നു. കാരണം, അങ്ങ് എന്റെ ഭൂതകാലത്തിൽ അങ്ങനെ ചെയ്തിട്ടുണ്ട്. എന്നിലുള്ള പ്രവൃത്തിയാൽ ഞാൻ അങ്ങയുടെ സാക്ഷിയായി ലോകത്തിൽ ജീവിക്കട്ടെ. എന്നെ എന്റെ പാപത്തിന്റെ ശിക്ഷയിൽനിന്ന് വിടുവിച്ച രക്ഷകൻ പാപത്തിന്റെ ശക്തിയിൽ നിന്നുള്ള വീണ്ടെടുപ്പും സാധ്യമാക്കും. ■

# വിദ്യാഭ്യാസരംഗത്തെ മൂല്യച്യുതി

കുറേക്കാലങ്ങളായി വിദ്യാഭ്യാസമേഖലയിൽ  അധ്യാപകനിയമനം, അധ്യാപനരീതി, പരീക്ഷാനടത്തിപ്പ്, മൂല്യനിർണ്ണയം തുടങ്ങിയ കാതലായ കാര്യങ്ങളെക്കുറിച്ചു സമൂഹമാധ്യമങ്ങളിൽ സജീവമായ ചർച്ച നടക്കുകയാണല്ലോ. മേൽപ്പറഞ്ഞ കാര്യങ്ങളിലെ അപചയം കുട്ടികളെയും അധ്യാപകരെയും മാനേജ്മെന്റിനെയും അപകടകരമായ വിധത്തിൽ പ്രതികൂലമായി ബാധിക്കുന്നു. സകലത്തിന്റെയും നിലവാരം തകരുന്നതല്ലേ നമ്മുടെ യൗവനക്കാരെ നാടുവിടുവാൻ പ്രേരിപ്പിക്കുന്നത്? ഗുണനിലവാരമുള്ള ഒരു തലമുറയെ വാർത്തെടുക്കുവാൻ മൂല്യമുള്ള വിദ്യാഭ്യാസം അനിവാര്യമാണ്. സർക്കാരും അധ്യാപകരും മാതാപിതാക്കളും വിദ്യാർത്ഥികളും തികഞ്ഞ ഏകോപനത്തോടെ സിലബസ്, അന്താരാഷ്ട്രനിലവാരമുള്ള അഭ്യസനരീതി, പരസ്പരബന്ധം എന്നിവ നിലനിർത്തുന്നതിൽ തികഞ്ഞ ജാഗ്രത ഉള്ളവരായിരിക്കണം.

ഉന്നതവിദ്യാഭ്യാസ രംഗത്തെ മൂല്യച്യുതിയിൽ ഇന്നു കാണുന്ന ഏറ്റവും സങ്കീർണമായ വീഴ്ച, സേവനമനോഭാവത്തിൽ നിന്നു വാണിജ്യവത്കരണത്തിലേക്ക് അതുമാറി എന്നുള്ളതാണ്. നമ്മുടെ മികച്ച വിദ്യാഭ്യാസസ്ഥാപനങ്ങളെല്ലാം തന്നെ സ്വയംഭരണ സ്ഥാപനങ്ങളാണ്. അവിടെ കനത്തഫീസാണ് ഈടാക്കുന്നത്. അന്താരാഷ്ട്രനിലവാരമുള്ള  വിദ്യാഭ്യാസം നാം കൊടുക്കുന്നില്ലെങ്കിൽ അതാണ് അവിടത്തെ മൂല്യച്യുതി. അതുപോലെതന്നെ മറ്റൊരു കാര്യം  വിദ്യാഭ്യാസമേഖലയുമായി പുലബന്ധം പോലും ഇല്ലാത്തവർക്ക്  സ്ഥാപനങ്ങൾ അനുവദിക്കുന്നു എന്നതാണ്. വിദ്യാഭ്യാസമേഖലയുമായി ഒരു ബന്ധവുമില്ലാത്ത മാനേജ്മെൻറ്  ഇത്തരത്തിൽ സ്ഥാപനങ്ങൾ നടത്തുമ്പോൾ അവിടെ സംഭവിക്കുന്ന  മൂല്യച്യുതി ലോകരാജ്യങ്ങളുടെ മുമ്പിൽ  നമുക്ക് നിലവാരത്തകർച്ചയും അവമതിപ്പുമുണ്ടാക്കുന്നു.

വിദ്യാഭ്യാസത്തിൽ രാഷ്ട്രീയസ്വാധീനം കൂടുകയും, രാഷ്ട്രീയത്തിൽ വിദ്യാഭ്യാസമുള്ളവർ കുറയുകയും ചെയ്യുന്ന അവസ്ഥ വിചിത്രമാണ്. ഇത്തരം ഒരുകാര്യം നമ്മുടെ സംസ്കാരത്തിൽ നിലനിൽക്കുന്നതുകൊണ്ട് സർക്കാർസ്ഥാപനങ്ങൾ, സർവകലാശാലകൾ തുടങ്ങിയവയുടെയൊക്കെ തലപ്പത്തു  രാഷ്ട്രീയനിയമനമാണ് നടക്കുന്നത്.  കുട്ടികളെ എങ്ങനെ നിയന്ത്രിക്കണം, നയിക്കണം, അധ്യാപനരീതി എന്താണ്, ഇതൊന്നും അറിയാതെ ജോലി ചെയ്യുന്നു.  ഒരു രാജ്യത്തിൻെറ ഭാഗധേയം നിർണയിക്കുന്നത് ക്ലാസ്സ്മുറികളിലാണ്. ആ ക്ലാസ്സ് മുറികളിൽ ടീച്ചർ കുട്ടികൾക്ക് മാതൃകയാകുന്നുണ്ടോ? ഉന്നതവിദ്യാഭ്യാസരംഗത്ത് ഇപ്പോൾ വന്നിരിക്കുന്ന ഏറ്റവും വലിയ പ്രശ്നം കുട്ടികളുമായുള്ള ആശയവിനിമയം കുറഞ്ഞു എന്നതാണ്. അധ്യാപകർ തങ്ങളുടെ വ്യക്തിഗത നേട്ടങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കുന്നതിനും ശ്രദ്ധിക്കുന്നു. അതിനാണു പരിഗണന. അതേസമയം ഉത്തരവാദിത്വമുള്ള വിദ്യാർത്ഥിസമൂഹത്തോട് പ്രതിബദ്ധത ഇല്ലാതാകുന്നു.

ടീച്ചറെ കുട്ടികൾ എത്രത്തോളം  ഇഷ്ടപ്പെടുന്നു;  ടീച്ചറുടെ സേവനം എത്രത്തോളം  കുട്ടികൾക്കു ലഭിക്കുന്നു എന്ന വിശദീകരണത്തിനു  ഇന്നു പ്രസക്തിയില്ല. അധ്യാപകർ എത്ര ഗവേഷണപ്രബന്ധം അവതരിപ്പിച്ചു, പ്രബന്ധം എന്താണ്,  ഇതിനെല്ലാം വിശദീകരണമുണ്ട്. ഒരു ടീച്ചറെ നാം ഓർമ്മിക്കുന്നത് എന്തിൻെറ അടിസ്ഥാനത്തിലാകണം? തീർച്ചയായും അക്കാദമിക മികവിൻെറപേരിലാകണാം.  ഒരു ടീച്ചറെ നന്ദിപൂർവം ഓർക്കുന്നത് വിഷയങ്ങൾ പഠിപ്പിക്കുന്നതിനപ്പുറം ഒരു വിദ്യാർത്ഥിയുടെ മനസ്സിനെ ആ ടീച്ചർക്ക് സ്പർശിക്കാൻ സാധിച്ചിട്ടുണ്ടോ എന്നതിനെ ആശ്രയിച്ചാണ്. ആ ടീച്ചറെയാണ് നന്ദിപൂർവം വിദ്യാർത്ഥികൾ ഓർത്തിരിക്കുക. ആ ഒരു സ്പർശനം ഇന്നു നടക്കുന്നില്ല. അതു വലിയൊരു മൂല്യച്യുതിയാണ്. ●

# പരിശുദ്ധാത്മാവും സാക്ഷീകരണവും

സാക്ഷി, മാപ്പുസാക്ഷി, സാക്ഷിയാവുക തുടങ്ങിയ പദങ്ങൾ കോടതിഭാഷയുടെ ഭാഗമാണ്. പ്രധാനപ്പെട്ട ഉടമ്പടികൾക്കും സമ്മതപത്രങ്ങൾക്കും ഒന്നോ രണ്ടോ പേരെ സാക്ഷി നിർത്തുന്നതും നമ്മുടെ രാജ്യത്തെ ലീഗൽ നടപടിയുടെ രീതിയാണ്. സാക്ഷ്യം, സാക്ഷിപറച്ചിൽ എന്നിവ ആത്മീയരുടെ ഇടയിലും സാധാരണ ഉപയോഗിക്കുന്ന ടെർമിനോളജി ആണ്. ഉയിർത്തെഴുന്നേറ്റ കർത്താവ് മഹാനിയോഗമായി അവിടുത്തെ ശിഷ്യഗണത്തോട് പറഞ്ഞത് നിങ്ങൾ പുറപ്പെട്ട് സകല ജാതികളെയും ശിഷ്യരാക്കിക്കൊള്ളുവിൻ എന്നായിരുന്നുവെങ്കിൽ (മത്തായി 28:18-20) ചില ദിവസങ്ങൾക്കു ശേഷം അവിടുന്ന് സ്വർഗ്ഗാരോഹണം ചെയ്യുമ്പോൾ തന്റെ ശിഷ്യന്മാരോട് പറയുന്നത് ഇങ്ങനെയാണ്: 'എന്നാൽ പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ട് യെരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളും എന്റെ സാക്ഷികൾ ആകും' എന്ന് പറഞ്ഞു (അപ്പോസ്തല പ്രവർത്തികൾ 1:8) അതെ, ക്രിസ്തുവിനെ വിറ്റ്നസ് ചെയ്യുകയാണ് ഓരോ ക്രിസ്തുശിഷ്യന്റെയും ദൗത്യം എന്ന യേശുകർത്താവ് ഇവിടെ സ്പഷ്ടമാക്കുകയാണ് ചെയ്യുന്നത്.

വിറ്റ്നസ്, ടെസ്റ്റിമണി എന്നീ വാക്കുകൾ കൊണ്ട് എന്താണ് നാം അർത്ഥം ആക്കേണ്ടത്? അപ്പോസ്തലനായ യോഹന്നാൻ അത് വ്യക്തമാക്കുന്നത് സ്വർഗ്ഗത്തോളം ഉന്നതമാണ്. 'ആദിമുതലുള്ളതും ഞങ്ങൾ കേട്ടതും ഞങ്ങളുടെ കണ്ണുകൾ കൊണ്ട് നോക്കിക്കണ്ടതും ഞങ്ങളുടെ കൈകൾ കൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചനത്തെക്കുറിച്ചാണ്' ഞങ്ങൾ പറയുന്നത്. ക്രിസ്തുവിനെ ഗ്രഹിച്ചറിയുന്നതിനും അനുഭവിച്ചറിയുന്നതിനും സാക്ഷിയാകുന്നതാണ് യഥാർത്ഥ സുവിശേഷവേല എന്ന് ചുരുക്കം.

സുവിശേഷീകരണം ഒരു മാനുഷികസംരഭമോ ആക്ടിവിറ്റിയോ അല്ല എന്നാണ് ക്രിസ്തുനാഥൻ വ്യക്തമാക്കിയത്. അതു പരിശുദ്ധാത്മാവ് നമ്മെക്കൊണ്ട് നിർവ്വഹിച്ചെടുക്കുന്നതാണ്. നമ്മുടെ ജീവിതത്തിന്റെ സമ്പൂർണ്ണ നിയന്ത്രണം പരിശുദ്ധാത്മാവിന് കൈമാറിയ ശേഷം പുതിയ സൃഷ്ടിയായ വ്യക്തികൾ ജീവിതസാക്ഷ്യത്തിന്റെ പിൻബലത്തോടെ, പരിശുദ്ധാത്മാവിന്റെ സഹായത്താൽചെയ്യേണ്ട മഹത്തായ കാര്യമാണ് സാക്ഷികരണം അഥവാ സുവിശേഷീകരണം. പ്രവാചകവാക്യവും അധികം സ്പഷ്ടമായിട്ട് പറയുന്നതും നാം ശ്രദ്ധിക്കേണ്ടതാണ്. 'എന്നെ അറിഞ്ഞു വിശ്വസിച്ച നിങ്ങളാണ് എന്റെ ദാസർ. എന്റെ സാക്ഷികൾ നിങ്ങളാണ്'.

ഉവ്വ്, നമുക്ക് യഥാർത്ഥ ദൈവദാസരായി ക്രിസ്തുവിന്റെ നല്ല സാക്ഷികളാകാം.

**-എംസി**


SOUTH INDIAN Bank
RIGHTEOUS PATH PUBLICATION TRUST

**Bank Account Details:**
Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315

SOUTH INDIAN Bank
KANJIKUZHY - KOTTAYAM

വാർഷിക വരിസംഖ്യ 250 രൂപ

QR കോഡ് സ്കാൻ ചെയ്തു Google Pay / PhonePe ചെയ്യാവുന്നതാണ്.

**നേർവീഥി**
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.


RNI No. KERMAL/2012/46138
Date of Publishing 10.01.2024

NERVEEDHI - JANUARY 2024
Annual Subscription ₹ 250.00
(Per copy ₹ 25.00)

Postal Registration No.
KL/KTM/150/2023-2025



# ആർ.പി പബ്ലിക്കേഷൻസിൽനിന്നും ചില ഉത്തമ ഗ്രന്ഥങ്ങൾ













ഇപ്പോൾ ലഭ്യമാണ്

എല്ലാ വിലകളും പോസ്റ്റേജ് ഉൾപ്പെടെ...
കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336,8547916678

Vpa Id:qr.nerveedhi@sib
BHIM UPI
Scan and Pay using any UPI App


*Address for Communication :*

*NERVEEDHI,*
*Righteous Path Publication Trust*
*Mackal Building,*
*Oravakal, Amayannoor (P.O),*
*Kottayam, Kerala - 686019*

*Mob: 9495435336, 8547916678*
*www.nerveedhi.com*

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.